2023
MAY
10
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

SINCE 1995
KUROL
An Ayurvedic Proprietary Medicine
A NATURAL & SAFE REMEDY FOR PILES



## വിദേശനിക്ഷേപകർ തിരിച്ചെത്തി, വിപണിയിൽ മുന്നേറ്റം

**കൊച്ചി:** വിദേശനിക്ഷേപകർ തിരിച്ചെത്തിയതോടെ ഓഹരി വിപണി സൂചികകൾ ഇന്നലെ മികച്ച നേട്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു. ബോംബെ സ്റ്റോക് എക്സ്ചേഞ്ച് സൂചികയായ സെൻസെക്സ് 709.96 പോയിന്റും നാഷനൽ സ്റ്റോക് എക്സ്ചേഞ്ച് സൂചികയായ നിഫ്റ്റി 195.40 പോയിന്റും ഉയർന്നു. 18250 എന്ന നിർണായക നിലവാരം കടന്നാണ് നിഫ്റ്റിയുടെ മുന്നേറ്റം.

എംഎസ്സിഐ ഗ്ലോബൽ സ്റ്റാൻഡാർഡ് സൂചികയിൽ എച്ച്ഡിഎഫ്സി ബാങ്കിനെ പ്രാധാന്യത്തോതിൽ മാറ്റം വരുത്തി വൻകിട കമ്പനികളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തുമെന്ന വാർത്ത കഴിഞ്ഞ ദിവസം വിപണികളിൽ കനത്ത വിൽപന സമ്മർദമുണ്ടാക്കിയിരുന്നു. കഴിഞ്ഞ ആഴ്ചയുടെ തുടക്കത്തിൽ മുന്നേറ്റം നടത്തിയ വിപണി ആഴ്ചയുടെ അവസാനത്തിൽ നഷ്ടത്തിലുമായി.

എന്നാൽ, ഈ ആഴ്ച വ്യാപാരത്തിന്റെ തുടക്കത്തിൽ തന്നെ വിദേശ നിക്ഷേപകർ തിരിച്ചെത്തുന്ന ചിത്രമാണു വിപണികളിൽ നിന്നു ലഭിക്കുന്നത്. എച്ച്ഡിഎഫ്സി, എച്ച്ഡിഎഫ്സി ബാങ്ക് ഓഹരികളും ഇന്നലെ നേട്ടമുണ്ടാക്കി. 777.68 കോടി രൂപയുടെ ഓഹരികൾ വിദേശ സ്ഥാപന നിക്ഷേപകർ വാങ്ങി. 2.27 ലക്ഷം കോടി രൂപയുടെ നേട്ടമാണ് നിക്ഷേപകരുടെ ആസ്തിയിലുണ്ടായത്. ബാങ്കിങ്, ഫിനാൻസ്, ഓട്ടോ ഓഹരികളാണ് ഇന്നലെ മികച്ച പ്രകടനം നടത്തിയത്.

ഇൻഡസ് ഇൻഡ് ബാങ്ക്, ടാറ്റ മോട്ടോഴ്സ്, ബജാജ് ഫിനാൻസ്, ബജാജ് ഫിൻസെർവ്, എൻടിപിസി, എച്ച്സിഎൽ ടെക്നോളജീസ്, മഹീന്ദ്ര ആൻഡ് മഹീന്ദ്ര, ആക്സിസ് ബാങ്ക്, മാരുതി, കൊട്ടക് മഹീന്ദ്ര ബാങ്ക് തുടങ്ങിയ ഓഹരികളുടെയും മൂല്യമുയർന്നു. സൺ ഫാർമ, എൽ ആൻഡ് ടി തുടങ്ങിയ ഓഹരികൾ ഇന്നലെ നഷ്ടത്തിലായി. അതേസമയം, ബ്രെന്റ് ക്രൂഡിന്റെ വില 1.79 ശതമാനം ഉയർന്ന് ബാരലിന് 76.65 ഡോളറായി. വ്യാപാരത്തിന്റെ തുടക്കത്തിൽ 8 പൈസയുടെ നേട്ടമുണ്ടാക്കിയെങ്കിലും ക്ലോസിങ്ങിൽ രൂപയുടെ മൂല്യം നേരിയ തോതിൽ ഇടിഞ്ഞു

# രാജസ്ഥാനിൽ വൻ ലിഥിയം നിക്ഷേപം

### ജമ്മു കശ്മീരിൽ കണ്ടെത്തിയതിനെക്കാൾ വലിയ നിക്ഷേപം

### രാജ്യത്തിന്റെ ആവശ്യകതയുടെ 80 ശതമാനവും നിറവേറ്റും

**ന്യൂഡൽഹി:** ജമ്മു കശ്മീരിൽ അടുത്തയിടയ്ക്ക് കണ്ടെത്തിയ ലിഥിയം നിക്ഷേപത്തെക്കാൾ വലിയ നിക്ഷേപം രാജസ്ഥാനിലെ നാഗൗർ ജില്ലയിൽ കണ്ടെത്തി. ഇന്ത്യയുടെ ലിഥിയം ആവശ്യകതയുടെ 80 ശതമാനവും ഈ നിക്ഷേപത്തിന് നിറവേറ്റാനാവുമെന്നാണ് ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയിലെ (ജിഎസ്ഐ) ഉദ്യോഗസ്ഥരുടെ വിലയിരുത്തൽ. ഖനനം യാഥാർഥ്യമായാൽ ഇന്ത്യയ്ക്ക് ലിഥിയം വിപണിയിൽ വൻ മേൽക്കൈ ലഭിക്കും. ടങ്സ്റ്റൻ നിക്ഷേപം കണ്ടെത്താനായി ജിഎസ്ഐ നടത്തിയ പരിശോധനയിലാണ് ലിഥിയവും കണ്ടെത്തിയത്.



ഫെബ്രുവരിയിലാണ് 59 ലക്ഷം ടൺ ഖനനശേഷിയുള്ള നിക്ഷേപം ജമ്മു കശ്മീരിൽ കണ്ടെത്തിയത്. ഹിമാലയം പരിസ്ഥിതി ലോല മേഖലയിലായതു കൊണ്ടും ഭൂകമ്പ സാധ്യതകളു ള്ളതു കൊണ്ടും പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് കൂടി പഠിച്ചതിനുശേഷമാകും ഇവിടെ ഖനനം ആരംഭിക്കുക. നേരത്തേ കർണാടകയിലെ മണ്ഡ്യ ജില്ലയിൽ കുറഞ്ഞ തോതിൽ ലിഥിയം നിക്ഷേപം കണ്ടെത്തിയിട്ടുണ്ടെങ്കിലും ഖനനം ആരംഭിച്ചിട്ടില്ല. രാജസ്ഥാനിലെ തന്നെ ബാർമർ, ജയ്സൽമർ എന്നിവിടങ്ങളിലും ലിഥിയം നിക്ഷേപമുണ്ടാകാനുള്ള സാധ്യത ജിഎസ്ഐ മുൻകൂട്ടി കാണുന്നുണ്ട്. പരിശോധന ഇവിടങ്ങളിലേക്കും വ്യാപിപ്പിക്കും.

മൊബൈൽ ഫോണുകൾ, വാഹനങ്ങൾ തുടങ്ങിയവയിൽ ഉപയോഗിക്കുന്ന ചാർജ് ചെയ്യാവുന്ന ബാറ്ററികൾ നിർമിക്കുന്നതിന് ലിഥിയം അവശ്യവസ്തുവാണ്. ലിഥിയം, നിക്കൽ, കൊബാൾട്ട് തുടങ്ങിയ ലോഹങ്ങൾ ഇന്ത്യ നിലവിൽ ഇറക്കുമതി ചെയ്യുകയാണ്. ഓസ്ട്രേലിയയെയും അർജന്റീനയെയുമാണ് ലിഥിയത്തിനായി ഇന്ത്യ പ്രധാനമായും ആശ്രയിക്കുന്നത്. ഖനനം ആരംഭിച്ചാൽ ഇറക്കുമതിക്കായി മറ്റു രാജ്യങ്ങളെ ആശ്രയിക്കുന്നത് കുറയും.

ഓസ്ട്രേലിയ, അർജന്റീന, ചിലെ, ബൊളീവിയ, ചൈന എന്നീ രാജ്യങ്ങളാണ് ലോകത്ത് ഏറ്റവും കൂടുതൽ ലിഥിയം ഉൽപാദിപ്പിക്കുന്നത്. ആകെ ഉൽപാദനത്തിന്റെ 35 ശതമാനവും ചിലെയിൽ നിന്നാണ്.

## വിഴിഞ്ഞം തുറമുഖം: കെഎഫ്സി 166 കോടി കൂടി കൈമാറി

**തിരുവനന്തപുരം:** വിഴിഞ്ഞം രാജ്യാന്തര തുറമുഖ നിർമാണത്തിനായി കേരള ഫിനാൻഷ്യൽ കോർപറേഷൻ വാഗ്ദാനം ചെയ്തിരുന്ന 409 കോടി രൂപയുടെ വായ്പയിൽ 166 കോടി രൂപ കൂടി തുറമുഖ കമ്പനി (വിസിൽ)ക്കു കൈമാറി.

ഇതോടെ 266 കോടി രൂപ സർക്കാർ ഗ്യാരണ്ടിയിൽ വായ്പയായി ലഭിച്ചു. 143 കോടി രൂപ കൂടി ഈയാഴ്ച ലഭിക്കും. പദ്ധതിക്കായി 3600 കോടി രൂപ വായ്പയെടുക്കാൻ മന്ത്രിസഭാ യോഗം അനുമതി നൽകിയ സാഹചര്യത്തിൽ ഹഡ്കോയ്ക്കൊപ്പം നബാഡുമായിക്കൂടി വിസിൽ ചർച്ചതുടങ്ങി



# എന്റെ കേരളം മെഗാ എക്സിബിഷന് തുടക്കമായി

**തൃശൂർ:** സംസ്ഥാന മന്ത്രിസഭയുടെ രണ്ടാം വാർഷികാഘോഷത്തിന്റെ ഭാഗമായി തേക്കിൻകാട് മൈതാനത്തെ വിദ്യാർഥി കോർണറിൽ നടക്കുന്ന എന്റെ കേരളം മെഗാ പ്രദർശന വിപണന മേളയ്ക്ക് തുടക്കമായി.

പുത്തൂരിലെ തൃശൂർ ഇന്റർനാഷനൽ സുവോളജിക്കൽ പാർക്കിന്റെ മാതൃകയിൽ കവാടമുള്ള മെഗാ പ്രദർശന വിപണന മേളയിൽ 30ലേറെ സേവന സ്റ്റാളുകൾ ഉൾപ്പെടെ 130ലേറെ തീം സ്റ്റാളുകളും 110 കൊമേഷ്യൽ സ്റ്റാളുകളും ഉൾപ്പെടെ 270ലേറെ സ്റ്റാളുകളാണ് ഒരുക്കിയിരിക്കുന്നത്. വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും കീഴി ലുള്ള ഉൽപന്നങ്ങളും വ്യവസായ വകുപ്പിന് കീഴിലെ ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപന്നങ്ങളുമാണ് പ്രദർശനത്തിനും വിപണനത്തിനും ഉണ്ട്. കൂടാതെ വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സേവനങ്ങൾ ജനങ്ങൾക്ക് പരിചയപ്പെടുത്തുന്ന തീം സ്റ്റാളുകളും വിവിധ സർക്കാർ സേവനങ്ങൾ സൗജന്യമായി ലഭ്യമാക്കുന്ന യൂട്ടിലിറ്റി സ്റ്റാളുകളുമുണ്ട്.

ആധാർ എന്റോൾമെന്റ്, പുതുക്കൽ ഉൾപ്പെടെ അക്ഷയ സേവനങ്ങൾ, ജീവിതശൈലീ രോഗങ്ങളുടെ പരിശോധന, മണ്ണ് ജല പരിശോധന, ജനന മരണ വിവാഹ സർട്ടിഫിക്കറ്റുകൾ, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ, ഫാമിലി, ലീഗൽ കൗൺസലിംഗ്, പാരന്റിംഗ് ക്ലിനിക്ക്, ന്യൂട്രീഷൻ ക്ലിനിക്ക്, ചെറിയ കുട്ടികളിലെ ഭിന്നശേഷി നിർണയ പരിശോധന, ഉദ്യം രജിസ്ട്രേഷൻ, കെസ്വിഫ്റ്റ് സേവനങ്ങൾ, സംരംഭകത്വ സഹായം, യുഎച്ച്ഐഡി കാർഡ് വിതരണം, ടെലി മെഡിസിൻ സേവനം, സാക്ഷരത തുല്യതാ രജിസ്ട്രേഷൻ, ലഹരി വിരുദ്ധ ബോധവൽക്കരണം, വൈദ്യുതി സുരക്ഷ ബോധവൽക്കരണം തുടങ്ങിയവ സൗജന്യ സേവനങ്ങളും മേളയിൽ ലഭ്യമാണ്




റോബോട്ടിക്സ്, വെർചൽ റിയാലിറ്റി, ഓഗ്മെന്റഡ് റിയാലിറ്റി, ത്രീഡി പ്രിന്റിംഗ് ടെക്നോളജി തുടങ്ങിയവ പരിചയപ്പെടുത്തുന്ന ടെക്നോളജി പവലിയനാണ് മേളയിലെ മറ്റൊരു ആകർഷണം. തൃശൂർ ഗവ. എഞ്ചിനീയറിംഗ് കോളജിന്റെ നേതൃത്വത്തിൽ ജില്ലയിലെ ടെക്നോളജി സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെയുള്ളവയുമായി സഹകരിച്ചാണ് പവലിയൻ ഒരുക്കിയിരിക്കുന്നത്. കുട്ടികൾക്കും മുതിർന്നവർക്കും റോബോട്ടിക്സ് ഉൾപ്പെടെയുള്ളവയിൽ പരിശീലനം നൽകുന്ന ടെക്നോളജി ലേണിംഗ് സെന്ററും ഇതിനോട് അനുബന്ധമായി ഒരുക്കിയിട്ടുണ്ട്.

കാർഷിക വികസന വകുപ്പ്, മൃഗസംരംക്ഷണ വകുപ്പ്, കെഎഫ്ആർഐ, വ്യവസായ വികസന വകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പ്, കയർ വകുപ്പ്, തുട ങ്ങിയവ ഒരുക്കുന്ന ഔട്ട്ഡോർ ഡിസ്പ്ലേയിൽ ജില്ലയിലെ വിവിധ ഫാമുകൾ, നഴ്സറികൾ, തുടങ്ങിയവയുടെ വിവിധ ഇനം തൈകൾ, അലങ്കാര മൽസ്യ ങ്ങൾ, മൃഗങ്ങളുടെ സവിശേഷ ബ്രീഡുകൾ, അലങ്കാരപ്പക്ഷികൾ തുടങ്ങിയവയുടെ പ്രദർശനവും വിപണനവും മേളയിലുണ്ട്. ജില്ലാ സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ പ്രത്യേക സ്പോർട്സ് ആക്ടിവിറ്റി ഏരിയയും മേളയിൽ ഒരുക്കിയിട്ടുണ്ട്.

വിവിധ മേഖലകളിൽ കേരളം കൈവരിച്ച മുന്നേറ്റങ്ങൾ ചിത്രീകരിക്കുന്ന പിആർഡിയുടെ കേരളം ഒന്നാമത് പവലിയൻ, ടൂറിസം പവലിയൻ, സാങ്കേതിക മേഖലകളിൽ ഉൾപ്പെടെ അടിസ്ഥാന സൗകര്യവികസന രംഗത്തെ കേരളത്തിന്റെ മുന്നേറ്റം വ്യക്തമാക്കുന്ന കിഫ്ബി പവലിയൻ എന്നിവയുടെ മേളയിലുണ്ട്.

## എന്റെ കേരളം പ്രദർശന വിപണന മേള: മെയ് 12 ന്

**കോഴിക്കോട്:** സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന എന്റെ കേരളം പ്രദർശന വിപണന മേളക്ക് തിരശീലയുയരാൻ ഇനി നാല് നാളുകൾ. മെയ് 12 ന് വർണാഭമായ ഘോഷയാത്രയോട് കൂടി ആഘോഷ പരിപാടികൾക്ക് തുടക്കമാവും. കോഴിക്കോട് ബീച്ചിൽ ഓപ്പൺ സ്റ്റേജിലും ഫ്രീഡം സ്ക്വയറിലുമായി കലാസാംസ്കാരിക പരിപാടികൾ അരങ്ങേറും.

69 വകുപ്പുകളുടെതായി 190 ഓളം സ്റ്റാളുകളാണ് ഒരുങ്ങുന്നത്. വികസന, ക്ഷേമ പ്രവർത്തനങ്ങളിൽ സംസ്ഥാന സർക്കാർ കൈവരിച്ച മികവും നേട്ടങ്ങളും അവതരിപ്പിക്കുന്ന എന്റെ കേരളം പ്രദർശന വിപണന മേള മെയ് പതിനെട്ട് വരെയാണ്. തീം വിഭാഗത്തിലും യൂത്ത് സെഗ്മെന്റ്, തൊഴിൽ വിദ്യാഭ്യാസ വിഭാഗത്തിലും കമേഴ്സ്യൽ വിഭാഗത്തിലുമാണ് സ്റ്റാളുകൾ. ശീതീകരിച്ച തീം കമേഴ്സ്യൽ സ്റ്റാളുകൾ, ഫുഡ് കോർട്ട് എന്നിവ മേളയുടെ പ്രധാന ആകർഷണമാകും.

യുവതയുടെ കേരളം, കേരളം ഒന്നാമത് എന്ന വിഷയത്തെ ആസ്പദമാക്കിയാണ് മേള. മേളയിലേക്കുള്ള പ്രവേശനം സൗജന്യമാണ്.

# കുറ്റിപ്പുറം ഇടപ്പള്ളി ആറുവരി പാത: പൈലിങ് തുടങ്ങി

**കൊടുങ്ങല്ലൂർ:** കുറ്റിപ്പുറം ഇടപ്പള്ളി ദേശീയപാത 66 എആറുവരി പാതയാക്കുന്നതിനു വേണ്ടിയുള്ള നിർമാണ പ്രവൃത്തികളുടെ ഭാഗമായി കോട്ടപ്പുറം മൂത്തകുന്നം പുതിയ പാലങ്ങൾക്കു വേണ്ടി പുഴയിൽ പൈലിങ് തുടങ്ങി. കോട്ടപ്പുറം പാലത്തിനു രണ്ടു വശങ്ങളിലായാണ് പുഴയിൽ പൈലിങ് തുടങ്ങിയത്. പുഴയിലും കരയിലുമായി തൂണുകളിലാണ് പാലം നിർമിക്കുന്നത്. . കോട്ടപ്പുറത്തും മൂത്തകുന്നത്തും കരയിൽ പൈലിങ് ജോലികൾ നേരത്തെ പൂർത്തിയാക്കിയിരുന്നു.



നിലവിലുള്ള പാലത്തിനു പടിഞ്ഞാറു ഭാഗത്തായാണ് പുതിയ പാലം നിർമിക്കുന്നത്. കോട്ടപ്പുറത്ത് നിന്നു വി.പി. തുരുത്തിലേക്കും വി.പി തുരുത്തിൽ നിന്നു മൂത്തകുന്നത്തേയും ബന്ധിപ്പിച്ചാണ് പാലം. കോട്ടപ്പുറം മുതൽ ഇടപ്പള്ളി വരെ ഹൈദരാബാദ് ആസ്ഥാനമായുള്ള ഓറിയന്റൽ സ്ട്രക്ചറൽ എൻജിനീയറിങ് കമ്പനിക്കാണ് നിർമാണ ചുമതല. പൈലിങ് ജോലികൾ റിയൽ ടെക് കമ്പനിക്കും.

തൃശൂർ ജില്ലയിൽ കോട്ടപ്പുറം മുതൽ കാപ്പിരിക്കാട് വരെ ദേശീയപാത നിർമാണം ഡൽഹി കേന്ദ്രമായ ശിവാലയ കൺസ്ട്രക്ഷൻ കമ്പനിക്കാണ് ചുമതല. പൈലിങ് ജോലികൾക്കിടയിൽ മണ്ണു പരിശോധനയും മറ്റു പ്രധാന പരിശോധനകൾക്കു മലേഷ്യൻ കമ്പനി പ്രതിനിധികളും കോട്ടപ്പുറത്ത് എത്തിയിരുന്നു. മലേഷ്യയിലെ വൈ ജാക്ക് ടെക്നോളജി കമ്പനിയാണ് പൈലിങ് ജോലിയുടെ ഭാഗമായി മണ്ണു പരിശോധന നടത്തിയത്.

## എം.സി.എ പ്രവേശനം: അപേക്ഷകൾ ക്ഷണിക്കുന്നു

**തിരുവനന്തപുരം:** കേരളത്തിലെ എ.ഐ.സി.ടി.ഇ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 202324 അധ്യയന വർഷത്തെ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ(എം.സി.എ) പ്രവേശനത്തിന് 2023 മേയ് 10 മുതൽ മേയ് 31 വരെ അപേക്ഷിക്കാം. അപേക്ഷാ യോഗ്യത ബി.സി.എ/കമ്പ്യൂട്ടർ സയൻസ്സിലോ ഐ.റ്റി. യിലോ നേടിയ ബി.എസ്സ്.സി./ബി.ഇ. /ബി.ടെക് എഞ്ചിനിയറിംഗ് ബിരുദം അഥവാ തത്തുല്യ യോഗ്യത അല്ലെങ്കിൽ ബി.എ./ ബി.എസ്സ്.സി./ ബി.കോം./ ബി.ഇ./ ബി.ടെക്/ബി.വോക്ക് ഏതെങ്കിലും വിഷയത്തിൽ ബിരുദം. മാത്തമാറ്റിക്സ് ഒരു വിഷയമായി 10+2 തലത്തിലോ അഥവാ ബിരുദ തലത്തിലോ പഠിച്ചിട്ടുള്ളത് അഭികാമ്യം.

മാത്തമാറ്റിക്സ് പഠിക്കാത്തവർ യൂണിവേഴ്സിറ്റി/കോളേജ് തലത്തിൽ നിർദ്ദേശിക്കുന്ന ഒരു ബ്രിഡ്ജ് കോഴ്സിൽ യോഗ്യത നേടേണ്ടതായിവരും. യോഗ്യതാ പരീക്ഷ 50% മാർക്കോടെ പാസ്സായിരിക്കണം. സംവരണ വിഭാഗക്കാരും ഭിന്നശേഷിക്കാർക്കും ആകെ 45% മാർക്ക് നേടിയാൽ മതിയാകും. അപേക്ഷാഫീസ് പൊതു വിഭാഗത്തിന് 1200 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 600 രൂപയുമാണ്. വ്യക്തിഗത വിവരങ്ങൾ www.lbscetnre.kerala.gov.in എന്ന വെബ്സൈറ്റിൽക്കൂടി ഓൺലൈനായി രേഖപ്പെടുത്തിയശേഷം ഓൺലൈൻ മുഖേനയോ അല്ലെങ്കിൽ ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് കേരളത്തിലെ ഫെഡറൽബാങ്കിന്റെ ഏതെങ്കിലും ശാഖ വഴിയോ 2023 മേയ് 31 വരെ അപേക്ഷാഫീസ് ഒടുക്കാവുന്നതാണ്.

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് എൽ.ബി.എസ് സെന്റർ ഡയറക്ടർ പിന്നീട് പ്രഖ്യാപിക്കുന്ന തീയതിയിൽ നടത്തുന്ന പ്രവേശന പരീക്ഷക്ക് ലഭിക്കുന്ന റാങ്കിന്റെ അടിസ്ഥാനത്തിൽ ആണ് ഈ കോഴ്സിലേയ്ക്കുള്ള പ്രവേശനം നടത്തുന്നത്. കൂടുതൽ വിവരങ്ങൾക്ക് 04712560363, 364 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## കോഴിക്കോട് ഗവൺമെന്റ് സൈബർ പാർക്കിൽ ജോലി നേടാം

**കോഴിക്കോട്:** കെഡിസ്കിന്റെ മുൻനിര പദ്ധതിയായ കേരള നോളജ് ഇക്കോണമി മിഷനും ഗവൺമെന്റ് സൈബർ പാർക്ക് കോഴിക്കോടും, കോഴിക്കോട് ഫോറം ഫോർ ഐടിയും സംയുക്തമായി കോഴിക്കോട് സൈബർ പാർക്കിൽ മെയ് 13, 14 തീയതികളിൽ പ്ലെയ്സ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുന്നു. കേരള നോളജ് ഇക്കോണമി മിഷന്റ കേരള സ്കിൽസ് എക്സ്പ്രസ് ക്യാമ്പയിനിൽ രജിസ്റ്റർ ചെയ്ത അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും പിജി വിദ്യാർഥികൾക്കും പങ്കെടുക്കാവുന്നതാണ്. സൈബർ പാർക്ക് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന 60ൽപ്പരം കമ്പനികളിൽ നിന്നുമുള്ള 1500 ലധികം ഐടി നോൺ ഐടി വിഭാഗത്തിൽപ്പെടുന്ന തൊഴിലവസരങ്ങളിലേക്കാണ് ഉദ്യോഗാർത്ഥികളെ തേടുന്നത്. റിക്രൂട്ട്മെന്റ് ഡ്രൈവിൽ പങ്കെടുക്കാൻ, www.knowledgemission.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന അപേക്ഷിക്കാം. രജിസ്ട്രേഷൻ പൂർത്തീകരിച്ച ശേഷം JOB FAIR ഓപ്ഷനിലൂടെ Calicut Cyberpark-CAFIT Reboot'23 തിരഞ്ഞെടുത്ത് ആപ്ലിക്കേഷൻ സമർപ്പിക്കാവുന്നതാണ്.



# അക്കുവിന്റെ പടച്ചോൻ ഫസ്റ്റ് ലുക്ക് പോസ്റ്റർ

**കൊച്ചി:** ദാദാ ഫാൽക്കെ ഫിലിം ഫെസ്റ്റിവലിൽ ഓണറബിൾ ജൂറി മെൻഷൻ അടക്കം നിരവധി അംഗീകാരങ്ങൾ നേടിയ മുരുകൻ മേലേരി സംവിധാനം ചെയ്ത പരിസ്ഥിതി ചിത്രമായ അക്കുവിന്റെ പടച്ചോന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ, കർഷകൻ പത്മശ്രീ ചെറുവയൽ രാമൻ,സംഗീത സംവിധായകൻ ഔസേപ്പച്ചൻ, നടൻ ശിവജി ഗുരുവായൂർ എന്നിവർ ചേർന്ന് പ്രകാശനം ചെയ്തു. ചിത്രത്തിലെ മുഖ്യ കഥാപാത്രമായ അക്കുവിനെ അവതരിപ്പിക്കുന്നത് മാസ്റ്റർ വിനായകാണ്. മാമുക്കോയ, ശിവജി ഗുരുവായൂർ തുടങ്ങിയവരും അഭിനയിക്കുന്നുണ്ട്. പ്രകൃതിയോട് എങ്ങനെ ഇണങ്ങി ജീവിക്കണം, മതസൗഹാർദവും പ്രകൃതി സംരക്ഷണവും എങ്ങനെ ഇഴചേർന്നിരിക്കുന്നു എന്ന് ഓർമ്മപ്പെടുത്തുന്നതാണ് ചിത്രത്തിന്റെ പ്രമേയം.

വിനായകാനന്ദ സിനിമാസിന്റെ ബാനറിൽ നിർമ്മിച്ച ചിത്രത്തിന്റെ ഛായാഗ്രഹണം സിജോ കെ ജോസ് നിർവ്വഹിക്കുന്നു. സംഗീതസംവിധായകൻ ഔസേപ്പച്ചനാണ് പശ്ചാത്തലസംഗീതം ഒരുക്കിയിട്ടുള്ളത്. ജയകുമാർ ചെങ്ങമനാട്,അഷ്റഫ് പാലപ്പെട്ടി എന്നിവരുടെ വരികൾക്ക് നടേഷ് ശങ്കർ,സുരേഷ് പേട്ട, ജോയ് മാധവൻ എന്നിവർസംഗീതസംവിധാനം നിർവഹിച്ചിരിക്കുന്നു. എഡിറ്റർജോമോൻ സിറിയക്, പ്രൊഡക്ഷൻ കൺട്രോളർ റാഫി തിരൂർ,ആർട്ട്ഗ്ലാറ്റൻ പീറ്റർ ,മേക്കപ്പ് എയർപോർട്ട് ബാബു,കോസ്റ്റ്യൂംസ് അബ്ബാസ് പാണവള്ളി, കളറിസ്റ്റ്അലക്സ് വർഗീസ് (തപസി), സൗണ്ട് ഡിസൈനർ ബിജു യൂണിറ്റി,ഡിടിഎസ് മിക്സിംഗ് ജിയോ പയസ്, ഷൈജു എം എം,സ്റ്റിൽസ്അബിദ് കുറ്റിപ്പുറം,ഡിസൈൻആഷ്‌ലി ലിയോഫിൽ,ജൂൺ അഞ്ചിന് അക്കുവിന്റെ പടച്ചോൻ പ്രദർശനത്തിനെത്തുന്നു. പി ആർ ഒ എ എസ് ദിനേശ്.

# വിത്തിൻ സെക്കന്റ്സ് വീഡിയോ ഗാനം

ഇന്ദ്രൻസിനെ കേന്ദ്ര കഥാപാത്രമാക്കി വിജേഷ് പി വിജയൻ സംവിധാനം ചെയ്യുന്ന വിത്തിൻ സെക്കന്റ്സ്എന്ന ചിത്രത്തിന്റെ രണ്ടാമത്തെ വീഡിയോ ഗാനം ചലച്ചിത്ര താരം സുഹാസിനി മണിരത്നം തന്റെ ഫേസ്ബുക്ക് പേജിലൂടെ റിലീസ് ചെയ്തു.

നിരഞ്ജ് സുരേഷ് എഴുതി രഞ്ജിൻ രാജ് സംഗീതം പകരുന്ന്രഞ്ജിൻ രാജ് ആലപിച്ച ആകാശം തൊട്ടേ... എന്നാരംഭിക്കുന്ന ഗാനമാണ് റിലീസായത്.

മെയ് പന്ത്രണ്ടിന് പ്രദർശനത്തിനെത്തുന്ന ഈ ചിത്രത്തിൽ സുധീർ കരമന,സിദ്ദിഖ്, അലൻസിയാർ, സന്തോഷ് കീഴാറ്റൂർ,തലൈവാസൽ വിജയ്, സുനിൽ സുഖദ,സെബിൻ സാബു, ബാജിയോ ജോർജ്ജ്, സാന്റിനോ മോഹൻ, ജെ പി മണക്കാട്, നാരായണൻ കുട്ടി, ഡോക്ടർ സംഗീത് ധർമ്മരാജൻ,ജയൻ,ദീപു, മുരുകേശൻ,ശംഭൂ,മാസ്റ്റർ അർജുൻ സംഗീത്, മാസ്റ്റർ സഞ്ജയ്, മാസ്റ്റർ അർജുൻ അനിൽ,സരയൂ മോഹൻ, അനു നായർ, വർഷ ഗെയ്ക്വാഡ്, സീമ ജി നായർ, അനീഷ തുടങ്ങിയവരാണ് മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.അനിൽ പനച്ചൂരാൻ എഴുതിയ വരികൾക്ക് രഞ്ജിൻ രാജ് സംഗീതം പകരുന്നു. ഡോക്ടർ സംഗീത് ധർമ്മരാജൻ, വിനയൻ പി വിജയൻ എന്നിവർ ചേർന്ന് കഥ തിരക്കഥ സംഭാഷണമെഴുതുന്നു.

ബോൾ എന്റർടെയിൻമെന്റിന്റെ ബാനറിൽ ഡോക്ടർ സംഗീത ധർമ്മരാജൻ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം രജീഷ് രാമൻ നിർവ്വഹിക്കുന്നു.എഡിറ്റർ അയൂബ് ഖാൻ, കലാസംവിധാനം നാഥൻ മണ്ണൂർ, മേയ്ക്കപ്പ് ബൈജു ബാലരാമപുരം, പ്രൊഡക്ഷൻ കൺട്രോളർജെ.പി. മണക്കാട്,കോസ്റ്റ്യൂം ഡിസൈനർകുമാർ എടപ്പാൾ, ചീഫ് അസോസിയേറ്റ് ഡയറക്ടർപ്രവീൺ, അസോസിയേറ്റ് ഡയറക്ടർ മഹേഷ്, വിഷ്ണു. സൗണ്ട് ഡിസൈൻ ആനന്ദ് ബാബു, പ്രൊജക്റ്റ് ഡിസൈൻ ഡോക്ടർ അഞ്ജു സംഗീത്, ഫിനാൻഷ്യൽ കൺട്രോളർ സഞ്ജയ് പാൽ, സ്റ്റിൽസ് ജയപ്രകാശ് ആതളൂർ, അസിസ്റ്റന്റ് ഡയറക്ടർ ഷാൻ, ജയരാജ്. പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്രാജൻ മണക്കാട്,ഷാജി കൊല്ലം.ഡിസൈൻ റോസ്മേരി ലില്ലു. കൊല്ലം,പുനലൂർ, കുളത്തുപ്പുഴ, ആര്യങ്കാവ്, തെല,ചണ്ണപെട്ട എന്നിവിടങ്ങളിലായി ചിത്രീകരണം പൂർത്തിയാക്കിയ ചിത്രമാണ് വിത്തിൻ സെക്കന്റ്സ്.പി ആർ ഒഎ എസ് ദിനേശ്.

# കാഥികൻ ഫസ്റ്റ് ലുക്ക് പോസ്റ്റർ

മുകേഷ്,ഉണ്ണി മുകുന്ദൻ, കൃഷ്ണാനന്ദ്,ഗോപു കൃഷ്ണൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ജയരാജ് കഥ, തിരക്കഥ സംഭാഷണമെഴുതി സംവിധാനം ചെയ്യുന്ന കാഥികൻ എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി.വൈഡ് സ്ക്രീൻ മീഡിയ പ്രൊഡക്ഷൻസിന്റെ ബാനറിൽ

ഡോക്ടർ മനോജ് ഗോവിന്ദ്, ജയരാജ് എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ഷാജി കമാർ നിർവ്വഹിക്കുന്നു.

വയലാർ ശരത്ചന്ദ്ര വർമ്മയുടെ വരികൾക്ക് സഞ്ജോയ് ചൗധരി സംഗീതം പകരുന്നു.എഡിറ്റർവിപിൻ വിശ്വകർമ്മ.പ്രൊഡക്ഷൻ കൺട്രോളർ സജി കോട്ടയം,ആർട്ട്മജീഷ് ചേർത്തല,മേക്കപ്പ് ലിബിൻ മോഹനൻ,കോസ്റ്റ്യൂംസ്ഫെമിന ജബ്ബാർ,സൗണ്ട്വിനോദ് പി ശിവറാം, കളറിസ്റ്റ്പോയറ്റിക്സ്,സ്റ്റിൽസ്ജയപ്രകാശ്,ഡിസൈൻഎസ്കെഡി ഫാക്ടറി.മെയ് 26ന് കാഥികൻ പ്രദർശനത്തിനെത്തുന്നു.പി ആർ ഒ എ എസ് ദിനേശ്.






# പേപ്പട്ടി യുടെ ചിത്രീകരണം കാഞ്ഞൂറിൽ

ശിവ ദാമോദർ,അക്ഷര നായർ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കിസലീം ബാബ കഥയെഴുതി സംവിധാനം ചെയ്യുന്ന പേപ്പട്ടി എന്ന ചിത്രത്തിന്റെ ചിത്രീകരണം കാഞ്ഞൂറിൽ ആരംഭിച്ചു.

സുധീർ കരമന,സുനിൽ സുഖദ, സ്ഫടികം ജോർജ്ജ്,ജയൻ ചേർത്തല, ഡോക്ടർ രജിത് കുമാർ,സാജു കൊടിയൻ,നെൽസൺ ശൂരനാട്,ജിവാനിയോസ് പുല്ലൻ, ഹരിഗോവിന്ദ് ചെന്നൈ,ജോജൻ കാഞ്ഞാണി, രമേശ് കുറുമശ്ശേരി,ഷാനവാസ്,സക്കീർ നെടുംപള്ളി,അഷ്റഫ് പിലാക്കൽ, ജോൺസൺ മാപ്പിള,സീനത്ത് നീനാ കുറുപ്പ്,നേഹ സക്സേന കാർത്തിക,ബിന്ദു അനീഷ്, അശ്വതി കാക്കനാട്,വീണ പത്തനംതിട്ട തുടങ്ങിയവരാണ് മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്

.സിൽവർ സ്കൈ പ്രൊഡക്ഷൻസിന്റെ ബാനറിൽ കുര്യാക്കോസ് കാക്കനാട്,ജിവാനിയോസ് പുല്ലൻ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം സാലിം മൊയ്തീൻ നിർവ്വഹിക്കുന്നു.ശ്രീമൂലനഗരം പൊന്നൻ തിരക്കഥ, സംഭാഷണമെഴുതുന്നു.സന്തോഷ് കോടനാട്,ആന്റണി പോൽ എന്നിവരുടെ വരികൾക്ക് അൻവർ അമൻ അജയ് ജോസഫ് എന്നിവർ സംഗീതം പകരുന്നു.

പശ്ചാത്തല സംഗീതം തശി,എഡിറ്റിംങ്ഷൈലേഷ് തിരു.പ്രൊഡക്ഷൻ കൺട്രോളർജോസ് വരാപ്പുഴ,കലഗാൽട്ടൺ പീറ്റർ, മേക്കപ്പ്സുധാകരൻ ടിവി,കോസ്റ്റ്യൂസ് കുക്കു ജീവൻ,സ്റ്റിൽസ്ഷാബു പോൾ, ചീഫ് അസോസിയേറ്റ് ഡയറക്ടർഉണ്ണി ചിറ്റൂർ, അസോസിയേറ്റ് ഡയറക്ടർവിനയ് വർഗ്ഗീസ്,ശരത് കുമാർ,ആക്ഷൻപ്രദീപ് ബാബ, കൊറിയോഗ്രഫിഷാഹുൽ ചെന്നൈ,റോസ്സി ബാബു, സൗണ്ട് ഡിസൈൻശേഖർ ചെന്നൈ,ഡിടിഎസ്അയ്യപ്പൻ എവിഎം, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്സോമൻ പെരിന്തൽമണ്ണ,പി ആർ ഒഎ എസ് ദിനേശ്.

# വേതനം ലഭിക്കാതെ മണലെടുപ്പ് തൊഴിലാളികൾ



**എറണാകുളം ചളിക്കവട്ടം എം കെ ജെ റസിഡൻസ് അസോസിയേഷൻ പന്ത്രണ്ടാമത് വാർഷികാഘോഷം കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് മേരി ജോസഫ് നിർവഹിക്കുന്നു.തൃക്കാക്കര എം എൽ എ ഉമ തോമസ്, അസോസിയേഷൻ നിയുക്ത പ്രസിഡന്റ് എൻ എസ് രാജേഷ്, പ്രസിഡന്റ് ടി പി ജോർജ്, ജോയിന്റ് സെക്രട്ടറി ജെസ്സി ഫിലിപ്പ്, സെക്രട്ടറി ജോബി ജോസ്, 47ാം ഡിവിഷൻ കൗൺസിലർ എ ആർ പത്മദാസ് തുടങ്ങിയവർ സമീപം.**

## വാർഷികാഘോഷം സംഘടിപ്പിച്ചു

**കൊച്ചി:** എറണാകുളം, ചളിക്കവട്ടം എം കെ ജെ റസിഡൻസ് അസോസിയേഷന്റെ 12 ാമത് വാർഷികാഘോഷം സംഘടിപ്പിച്ചു. ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് മേരി ജോസഫ് ഉദ്ഘാടനം ചെയ്തു. തൃക്കാക്കര എം.എൽ.എ ഉമാ തോമസ് മുഖ്യപ്രഭാഷണം നടത്തി. 47 ാം ഡിവിഷൻ കൗൺസിലർ എ ആർ പത്മദാസ്,അസോസിയേഷൻ പ്രസിഡന്റ് ടി.പി ജോർജ്ജ്, നിയുക്ത പ്രസിഡന്റ് എൻ.എസ് രാജേഷ്, സെക്രട്ടറിജോബി ജോസ്, ജോയിന്റ് സെക്രട്ടറി ജെസ്സി ഫിലിപ്പ് തുടങ്ങിയവർ സംസാരിച്ചു.

**കാസർകോട്:** ജില്ലയിലെ അംഗീകൃത കടവുകളിൽ മണലെടുക്കുന്ന തൊഴിലാളികൾക്കു വേതനം കിട്ടാൻ കാലതാമസം നേരിടുന്നു. ജില്ലയിലെ 10 കടവുകളിലായി ജോലി ചെയ്യുന്ന അറുന്നൂറിലേറെ തൊഴിലാളികളുടെ വേതനമാണു വൈകുന്നത്. 2019 മുതൽ മാസത്തിൽ 3 തവണകളായിട്ടായിരുന്നു വേതനം നൽകിയിരുന്നത്. എന്നാൽ പിന്നീട് കഴിഞ്ഞ സെപ്റ്റംബർ മുതൽ മാസത്തിൽ 2 തവണയായി ചുരുക്കി. എന്നാൽ ഇപ്പോൾ ഏപ്രിൽ 30നുള്ളിൽ കിട്ടേണ്ട വേതനം ഇതുവരെ കിട്ടിയില്ലെന്നു തൊഴിലാളികൾ പറഞ്ഞു. കൃത്യസമയത്ത് വേതനം കിട്ടാത്തതു തങ്ങളുടെ ദൈന്യംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നതായി തൊഴിലാളികൾ പരാതിപ്പെട്ടു.

മഞ്ചേശ്വരം, ആരിക്കാടി, മൊഗ്രാൽപുത്തൂർ, തളങ്കര, ചളിയങ്കോട്, മാട്ടുമ്മൽ, ഓരിക്കടവ്, അച്ചാംതുരുത്തി, മടക്കര, കൈതക്കാട് എന്നിവിടങ്ങളിലാണു തുറമുഖ വകുപ്പിന്റെ അംഗീകൃത കടവുള്ളത്. ഇവിടെങ്ങളിൽ നിന്നായി ചുരുങ്ങിയത് 1000 ടൺ(200 ലോഡ്) മണ്ണലാണ് എടുക്കുന്നത്.

ഒരു ലോഡ് കടൽ മണലിന് 7320 രൂപയാണ് ആവശ്യക്കാർ നൽകേണ്ടത്. ഇതിൽ 3325 രൂപയാണു തൊഴിലാളികൾക്കു വേതനമായി കിട്ടുന്നത്. ബാക്കി തുക പഞ്ചായത്ത്, തുറമുഖ, റവന്യൂ, ജിഎസ്ടി, ജിയോളജി തുടങ്ങിയ വകുപ്പുകൾക്കാണ് ലഭിക്കുന്നത്.

തുറമുഖ വകുപ്പിന്റെ ജില്ലാ ഓഫിസിൽ നിന്നാണു തൊഴിലാളികളുടെ വേതനം അതതു കടവുകളുള്ള പഞ്ചായത്തുകളിലേക്ക് അയക്കുന്നത്. പഞ്ചായത്തിൽ നിന്നു തൊഴിലാളികളുടെ അക്കൗണ്ടിലേക്കു നേരിട്ടു അയയ്ക്കുകയാണു പതിവ്. എന്നാൽ ഇപ്പോൾ തുറമുഖ വകുപ്പിന്റെ ജില്ലാ ഓഫിസിൽ നിന്നു പ!ഞ്ചായത്തുകളിലേക്കു നേരിട്ടു അയക്കാനുള്ള അനുമതി ഇല്ലാത്തതിനാൽ തുറമുഖ വകുപ്പിന്റെ കൊച്ചിയിലെ ആസ്ഥാനത്തു നിന്നുള്ള അനുമതിയോടെ ജില്ലാ ഓഫിസുകളിലെത്തിയതിനു ശേഷമാണു പ!ഞ്ചായത്തുകളിലേക്കും അവിടെ നിന്നു തൊഴിലാളികളിലേക്കുമായി നൽകുന്നതെന്ന് അധികൃതർ വെളിപ്പെടുത്തിയതായി തൊഴിലാളികൾ പറഞ്ഞു.

1000 ടൺ മണൽ വിൽപന നടത്തിയാൽ ദിവസത്തിൽ 8 ലക്ഷത്തോളം രൂപയാണു സർക്കാരിലേക്കു ലഭിക്കുന്നത്. മണൽ ആവശ്യമുള്ള വിവിധ രേഖകൾ ഹാജരാക്കുന്നതോടൊപ്പം പണം മുൻകൂറായി അടച്ചാൽ മാത്രമേ കടവുകളിൽ നിന്നു മണൽ നൽക്കുകയുള്ളൂ. പണം മുൻകൂറായി നൽകിയിട്ടും വേതനം കിട്ടാൻ വൈകുന്നതു ജീവിതം പ്രതിസന്ധിയിലാക്കുന്നതായി തൊഴിലാളികൾ പറയുന്നു. പ്രതിസന്ധി പരിഹരിക്കണമെന്നാണ് തൊഴിലാളികളുടെ ആവശ്യം.

# വേനൽമഴയ്ക്കു ശേഷം പുഴയിൽ പായൽ നിറയുന്നു

**പനമരം :** കബനിയുടെ പ്രധാന കൈവഴിയായ പനമരം വലിയ പുഴയിൽ ഇക്കുറിയും വേനൽമഴയ്ക്കു ശേഷം പായൽ നിറയുന്നു. ആൽഗൽ ബ്ലൂം, ഡിക്ടയോസ്ഫറിയം എന്നീ ഗ്രീൻ ആൽഗകളാണു പച്ച കലർന്ന നിറത്തിൽ വെള്ളത്തിനു മുകളിൽ പരന്നൊഴുകുന്നത്. കഴിഞ്ഞ വർഷം നടത്തിയ പരിശോധനയിൽ കണ്ടെത്തിയ വിഷപ്പായലായ ബ്ലൂ ഗ്രീൻ ആൽഗയുടെ സാന്നിധ്യത്തിൽ ഇക്കുറി വർധനയുണ്ടായതായും സൂചന. വേനൽ മഴയ്ക്കു ശേഷം സ്വാഭാവിക ഒഴുക്ക് കൂടിയ തോടെയാണ് പുഴയിൽ ആൽഗകൾ പെരുകിയത്.



ആദ്യ ദിനങ്ങളിൽ വെള്ളത്തിൽ എണ്ണ കലർന്ന പോലെയും പിന്നീട് ഇത് സ്വർണ നിറത്തിലും അതിനു ശേഷം പച്ച കലർന്ന നിറത്തിലുമായി. പുഴയെ ആശ്രയിച്ച് ഒട്ടേറെ കുടിവെള്ള പദ്ധതികളുള്ളതിനാൽ പായൽ പ്രതിഭാസത്തെക്കുറിച്ചു കൂടുതൽ പഠനം വേണമെന്ന് ആവശ്യമുയരുന്നുണ്ട്. മറ്റു ജില്ലകളിലെ പുഴകളിൽ കണ്ടതു പോലുള്ള വിഷപ്പായലാണോ ഇതെന്നതിൽ വ്യക്തത വേണം. പൂർണമായും പുഴയെ പായൽ മുക്തമാക്കാൻ നടപടി വേണമെന്നും ആവശ്യമുയരുന്നു.

ബ്ലൂ ഗ്രീൻ ആൽഗയാണെങ്കിൽ പുഴയിലെ വെള്ളം ഉപയോഗിക്കുന്നതിനു നിയന്ത്രണം ഏർപ്പെടുത്തേണ്ടി വരും. പുഴയിൽ പായൽ നിറഞ്ഞതായുള്ള മനോരമ വാർത്തയെ തുടർന്ന് കഴിഞ്ഞവർഷം മാനന്തവാടി മേരിമാതാ കോളജ് സുവോളജി വിഭാഗത്തിലെ ഡോ. വി.എഫ്. സനുവിന്റെ നേതൃത്വത്തിലുള്ള സംഘം നടത്തിയ പരിശോധനയിൽ വലിയ പുഴയിൽ ക്ലോറോക്കോക്കും എന്ന ഗ്രീൻ ആൽഗ ക്രമാതീതമായി പെരുകിയതായി കണ്ടെത്തി. വിഷപ്പായലായ ബ്ലൂ ഗ്രീൻ ആൽഗ അടക്കമുള്ളവയുടെ സാന്നിധ്യവും ജലത്തിൽ ഓക്സിജന്റെ അളവിൽ ഗണ്യമായ കുറവും കണ്ടെത്തിയിരുന്നു.

പുഴയുടെ പല ഭാഗത്തും ഓക്സിജന്റെ അളവ് ഒരു ലീറ്ററിൽ 3.5 മില്ലിഗ്രാമിലും താഴെയാണ്. അനിയന്ത്രിതമായ അളവിൽ മാലിന്യങ്ങളും കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്ന വളവും പുഴയിൽ എത്തുന്നതാണ് ഓക്സിജൻ കുറയാൻ കാരണം. പുഴയിൽ പ്രകടമായ രീതിയിൽ നിറവ്യത്യാസം, ദുർഗന്ധം, പത, ജലജീവികൾ ചത്തു പൊന്തൽ എന്നിവ കാണുകയാണെങ്കിൽ വെള്ളത്തിൽ ഇറങ്ങുന്നതും നീരൊഴുക്ക് വന്നു പൂർവസ്ഥിതിയിൽ ആകുന്നത് വരെ വെള്ളത്തിന്റെ ഉപയോഗം ഒഴിവാക്കുകയും ചെയ്യുന്നതാണ് നല്ലതെന്നും വിദഗ്ധർ പറയുന്നു.

മാലിന്യം തള്ളാനുള്ള ഇടമായി പനമരം പുഴ മാറിയിരിക്കുകയാണ്. ദിനംപ്രതി വൻതോതിലാണ് പുഴയിലേക്കു മാലിന്യം തള്ളുന്നത്. നീരൊഴുക്ക് കൂടിയിട്ടും പുഴയിൽ വിഷപ്പായൽ ഉണ്ടാകാൻ കാരണം ഇതാണ്. കഴിഞ്ഞ ദിവസങ്ങളിൽ പെയ്ത മഴയിൽ കരമണ്ണ് പുഴയിൽ എത്തിയതും കാരണമാകാം.

പുഴയെ മാലിന്യത്തിൽ നിന്നു സംരക്ഷിച്ചില്ലെങ്കിൽ ഇപ്പോൾ വളരെ കുറഞ്ഞ അളവിലുള്ള ബ്ലൂ ഗ്രീൻ അൽഗ പെരുകാനും മനുഷ്യർക്കും ജല ജീവികൾക്കും വളർത്തു മൃഗങ്ങൾക്കും ഭീഷണിയായി വരാനും സാധ്യതയുണ്ട്.

സംസ്ഥാനത്ത് കോളിഫോം ബാക്ടീരിയയുടെ അളവിൽ രണ്ടാം സ്ഥാനം ഉണ്ടായിരുന്ന പനമരം വലിയ പുഴയിൽ ബ്ലൂ ഗ്രീൻ അൽഗയുടെ സാന്നിധ്യവും ഉള്ളത് അപകടകരമാണ്. ജലാശയങ്ങളിൽ വളരെ സ്വാഭാവികമായി വളരുന്ന സൂക്ഷ്മ ജീവികളാണ് ആൽഗകൾ. ഒരേസമയം സസ്യങ്ങളുടെയും ജീവികളുടെയും സ്വഭാവ സവിശേഷതകൾ ഉള്ള ആൽഗകൾ, ജലാശയങ്ങളിലെ ജീവികളുടെ നിലനിൽപ്പിനും സ്വാഭാവികതയ്ക്കും അത്യന്താപേക്ഷിതമാണ്.

എന്നാൽ വലിയതോതിൽ മാലിന്യങ്ങളിലൂടെയും വളങ്ങളിലൂടെയും അവയ്ക്കു വളരാൻ അനുകൂല സാഹചര്യം ലഭിക്കുമ്പോൾ അനിയന്ത്രിതമായി പെരുകുകയും വെള്ളത്തിന്റെ നിറം, മണം, രുചി എന്നിവയിൽ മാറ്റം വരുത്തുകയും ചെയ്യുന്നു. ബ്ലൂ ഗ്രീൻ ആൽഗ വിഭാഗത്തിൽ പെടുന്നവയുടെ ക്രമാതീതമായ വർധന മനുഷ്യനും ജലജീവികൾക്കും, വളർത്തുമൃഗങ്ങൾക്കും ഹാനികരമാണ്.

## വനിതകൾക്ക് സ്വയംതൊഴിൽ വായ്പ

**തിരുവനന്തപുരം:** ജില്ലയിൽ സ്ഥിര താമസക്കാരായ പട്ടികജാതി, പട്ടിക വർഗ്ഗ, ന്യൂനപക്ഷ വിഭാഗങ്ങളിലുള്ള വനിതകൾക്ക് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സ്വയം തൊഴിൽ വായ്പ നൽകുന്നു. 30 ലക്ഷം രൂപ വരെയാണ് വായ്പ നൽകുന്നത്.

18 നും 55 നും ഇടയിൽ പ്രായമുള്ള തൊഴിൽ രഹിതരായ വനിതകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി ( വസ്തു / ഉദ്യോഗസ്ഥ ജാമ്യവ്യവസ്ഥയിൽ) 6% പലിശ നിരക്കിലാണ് വായ്പ അനുവദിക്കുന്നതെന്ന് മേഖലാ മാനേജർ അറിയിച്ചു. അപേക്ഷാ ഫോം www.kswdc.org യിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 0471 2328257, 9496015006.

## പുനരധിവാസ പരിശീലനം

**കോഴിക്കോട്:** സൈനിക ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിമുക്ത ഭടന്മാരുടെയും അവരുടെ ആശ്രിതരുടെയും പുനരധിവാസ പരിശീലനത്തിനായി ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഓഫ് കേരളയുമായി ചേർന്ന് തിരുവനന്തപുരം, എറണാകുളം, സൈബർ പാർക്ക്, കോഴിക്കോട് എന്നിവിടങ്ങളിൽ ഡിജിറ്റൽ മാർക്കറ്റിങ്, 5 ജി ടെക്നീഷ്യൻ, ഡാറ്റ അനാലിസിസ്, ഗ്രാഫിക് ഡിസൈനിങ് ആൻഡ് വീഡിയോ എഡിറ്റിങ് തുടങ്ങിയ തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തും.

താൽപ്പര്യമുള്ള വിമുക്തഭടന്മാർ/ ആശ്രിതർ റൈുഹമിളൗിറ2023@ഴാമശഹ.രീ എന്ന ഇ മെയിൽ വിലാസത്തിൽ ബയോഡാറ്റ മെയ് 12 ന് വൈകീട്ട് അഞ്ച് മണിക്ക് മുൻപായി നൽകേണ്ടതാണെന്ന് ജില്ലാ സൈനിക ക്ഷേമ ഓഫീസർ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക് : 0495 2771881

# മഴക്കാലത്തിനു മുൻപ് റോഡുകൾ നവീകരിക്കണം



**കൊച്ചി:** മഴക്കാലത്തിനു മുൻപ് ജില്ലയിലെ റോഡുകൾ നവീകരിച്ചു സഞ്ചാരയോഗ്യമാക്കണമെന്ന് കളക്ടർ എൻ.എസ്.കെ ഉമേഷ് നിർദ്ദേശിച്ചു. മഴക്കാലപൂർവ റോഡ് നവീകരണവുമായി ബന്ധപ്പെട്ട് കളക്ടറുടെ ചേമ്പറിൽ ചേർന്ന അവലോകന യോഗത്തിലാണ് നിർദ്ദേശം.കരുമാല്ലൂർ പഞ്ചായത്തിൽ തകർന്ന റോഡുകൾ എത്രയും വേഗം സഞ്ചാരയോഗ്യമാക്കണമെന്ന് ജലജീവൻ മിഷൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. ചൂണ്ടി രാമമംഗലം റോഡ് എത്രയും വേഗം ടാർ ചെയ്യാനുള്ള നടപടി പൂർത്തിയാക്കാനും നിർദ്ദേശിച്ചു.മെട്രോ സ്റ്റേഷനുകളിലെ വെള്ളക്കെട്ടിന് ശാശ്വത പരിഹാരം കാണണമെന്ന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് നിർദ്ദേശം നൽകി. ഇടപ്പള്ളി, അമ്പാട്ടുകാവ് ഉൾപ്പടെയുള്ള ഭാഗങ്ങളിൽ ചെറിയ മഴയിൽ പോലും വെള്ളക്കെട്ടുണ്ടാകുന്നുണ്ട്. കളമശ്ശേരി കണ്ടെയ്നർ റോഡ്, ഇടപ്പള്ളി മൂവാറ്റുപുഴ റോഡ് എന്നിവിടങ്ങളിലെ വെള്ളക്കെട്ട് പരിഹരിക്കണം. ടോൾ ജംഗ്ഷൻ ഉൾപ്പെടെയുള്ള ഭാഗങ്ങളിൽ കാനകളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നത് വെള്ളക്കെട്ട് ഒഴിവാക്കും. റോഡുകളിലെ മാലിന്യം എല്ലാം ദിവസവും നീക്കം ചെയ്യണം. ഹോട്ടലുകൾ, റസ്റ്ററന്റുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് സൗകര്യം ഒരുക്കണം. മാലിന്യങ്ങൾ പൊതു ഇടങ്ങളിൽ നിക്ഷേപിക്കുന്നവരെ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കണം. പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവരുടെ ഫോട്ടോ സഹിതം സോഷ്യൽ മീഡിയ വഴി പ്രചരിപ്പിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കും. ഇതിനായി പോലീസ്, തദ്ദേശ സ്വയംഭരണ വകുപ്പുകൾ സംയുക്തമായി പ്രവർത്തിക്കണം. നഗരങ്ങളിലെ പാറമടകൾ കേന്ദ്രീകരിച്ചുള്ള മാലിന്യ നിക്ഷേപങ്ങൾ തടയുന്നതിന് പ്രത്യേകം ശ്രദ്ധ നൽകണം.കണ്ടെയ്നർ റോഡ്, സീപോർട്ട് എയർപോർട്ട് റോഡ് എന്നിവിടങ്ങളിലെ അനധികൃത പാർക്കിംഗ് ഒഴിവാക്കാനും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് പ്രത്യേകം സ്ഥലങ്ങൾ കണ്ടെത്താനും നടപടി സ്വീകരിക്കണം.യോഗത്തിൽ ഡെപ്യൂട്ടി കളക്ടർ ഉഷ ബിന്ദുമോൾ, റവന്യു, പോലീസ്, കെ.എം.ആർ.എൽ, ജലവിഭവ വകുപ്പ്, എൻ.എച്ച്.എ.ഐ., പൊതുമരാമത്ത് വകുപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു.

# ചാലിക്കര നിവാസികളുടെ ദുരിതത്തിന് അറുതിയാകുന്നു; റിഫൈനറി ഭൂമി ഏറ്റെടുത്ത് നഷ്ടപരിഹാരം നൽകും

**കൊച്ചി:**വടവുകോട് പുത്തൻകുരിശ് പഞ്ചായത്തില ചാലിക്കരയിലെ നിവാസികളുടെ ദുരിതത്തിന് അറുതിയാകുന്നു. ഇവിടുത്തെ 16 കുടുംബങ്ങളുടെയും ഭൂമി ഏറ്റെടുക്കുന്നതിന് കൊച്ചിൻ റിഫൈനറിക്ക് സർക്കാർ അനുമതി നൽകി. പി.വി. ശ്രീനിജിൻ എം.എൽ.എ സർക്കാർ തലത്തിൽ നടത്തിയ ഇടപെടലുകളാണ് ഇതിന് വഴിയൊരുക്കിയത്. 54,88,52,369 രൂപയാണ് ഇതിനായി ചിലവഴിക്കുന്നത്. റിഫൈനറിയുടെ മോട്ടോർ സ്പരിറ്റ് ബ്ലോക്കിന് വേണ്ടി സമീപത്തെ ഭൂമിയെല്ലാം ഏറ്റെടുത്തിരുന്നെങ്കിലും റവന്യൂ പുറമ്പോക്കായതിനാൽ ഈ കുടുംബങ്ങളുടെ വസ്തുവകകൾ ഏറ്റെടുക്കാൻ റിഫൈനറി അധികൃതർ തയാറായിരുന്നില്ല. വീടിന്റെയും മറ്റും അറ്റകുറ്റപണികൾ നടത്താൻ കഴിയാതെയും അടിയന്തര ആവശ്യങ്ങൾക്ക് വായ്പയെടുക്കാൻ കഴിയാതെയും പ്രദേശവാസികൾ ബുദ്ധിമുട്ടിലായിരുന്നു. ഇവർ നിരവധി ശ്രമങ്ങൾ നടത്തിയിരുന്നുവെങ്കിലും ആറ് വർഷമായി യാതൊരു മാറ്റവും സംഭവിച്ചിരുന്നില്ല.പിന്നീട് വിഷയത്തിൽ പി.വി ശ്രീനിജിൻ എം.എൽ.എ ഇടപെടുകയായിരുന്നു. തുടർന്ന് റിഫൈനറിക്ക് വിട്ടു നൽകുന്നതിൽ നിയമ തടസമില്ലെന്ന് ചൂണ്ടിക്കാട്ടി ജില്ലാ കളക്ടറും ലാന്റ് റവന്യൂ കമ്മീഷണറും സർക്കാരിന് റിപ്പോർട്ട് നൽകി. ഇതിന് പിന്നാലെ പുത്തൻകുരിശ് വില്ലേജിലെ ബ്ലോക്ക് 30ൽ പെട്ട 578.55 ആർ.ആർ റവന്യൂ പുറമ്പോക്ക് ഭൂമി 54,88,52,369 രൂപ ഈടാക്കി റിഫൈനറിക്ക് വിട്ടു നൽകാൻ സർക്കാർ ഉത്തരവിറക്കി കഴിഞ്ഞു. ഇവിടെ ഏറ്റെടുക്കുന്ന സ്ഥലത്തിന് ഉടമകൾക്ക് 9.60 ലക്ഷം വീതവും വീടുകൾക്ക് ആനുപാതികമായും നഷ്ടപരിഹാരം ലഭിക്കും.

# കാലടി സാമൂഹ്യ ആരോഗ്യകേന്ദ്രത്തിൽ കാൻസർ സ്ക്രീനിംഗ് ക്ലിനിക് പ്രവർത്തനം ആരംഭിച്ചു

**കൊച്ചി:** ക്യാൻസർ നേരത്തെ കണ്ടെത്തി കൃത്യമായ ചികിത്സ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കാലടി സാമൂഹ്യ ആരോഗ്യകേന്ദ്രത്തിൽ കാൻസർ സ്ക്രീനിംഗ് ക്ലിനിക് പ്രവർത്തനം ആരംഭിച്ചു. അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മേരി ദേവസ്സികുട്ടി ക്ലിനിക്കിന്റെ ഉദ്ഘാടനം നിർവഹിച്ചു.വായിലെ കാൻസർ, ഗർഭാശയ കാൻസർ, ബ്രെസ്റ്റ് കാൻസർ എന്നിവ നേരത്തെ കണ്ടെത്തുന്നതിനുള്ള സൗകര്യങ്ങൾ ക്ലിനിക്കിൽ ഉണ്ടായിരിക്കും. എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 11.30 മുതൽ 12.30 വരെയാണ് ക്ലിനിക്കിന്റെ പ്രവർത്തനം. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ പരിശീലനം ലഭിച്ച ഡോകടർമാരുടെയും ജീവനക്കാരുടെയും സേവനം ക്ലിനിക്കിൽ ലഭ്യമാകും. ചടങ്ങിൽ, മുൻ വർഷങ്ങളിൽ നടന്ന സ്ക്രീനിംഗ് ക്യാമ്പിലൂടെ പ്രാഥമിക ഘട്ടത്തിൽ തന്നെ കാൻസർ രോഗ നിർണയം നടത്തിയത് വഴി കൃത്യമായ ചികിത്സയിലൂടെ ആരോഗ്യകരമായ ജീവിതം നയിക്കുന്ന സരോജിനി ദേവി അനുഭവങ്ങൾ പങ്കുവച്ചു.ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സിജോ ചൊവ്വരൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. മെഡിക്കൽ ഓഫീസർ ഡോ.നസീമ നജീബ് വിഷയാവതരണം നടത്തി. കാലടി ഗ്രാമ പഞ്ചായത്തു അംഗം പി.ബി. സജീവ്, മെഡിക്കൽ ഓഫീസർ മാരായ ഡോ.സിന്ധു, ഡോ.ഗ്ലെൻസൺ.കെ ജോസഫ്, ഡോ.ഷൈമ സലിം, ഡോ. സഞ്ജു, ഹെൽത്ത് സൂപ്പർവൈസർ ഗിരീഷ്, പി.ആർ.ഒ പി.കെ.സജീവ് തുടങ്ങിയർ പങ്കെടുത്തു.

# ജില്ലയിലെ എല്ലാ സർക്കാർ ഓഫീസുകളും മാലിന്യവിമുക്തമാക്കണം

**കൊച്ചി:**ജില്ലയിലെ എല്ലാ സർക്കാർ ഓഫീസുകളും മെയ് 15 നകം മാലിന്യവിമുക്തമാക്കണമെന്ന് ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് നിർദേശിച്ചു. എല്ലാ വകുപ്പുകളും ശാസ്ത്രീയ മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിനും മാലിന്യത്തിന്റെ അളവുകുറച്ചുകൊണ്ട് സമൂഹത്തിനു മാതൃകയാകണമെന്നും കളക്ടർ പറഞ്ഞു. ഇതിന്റെ ഭാഗമായി മെയ് 13 ശനിയാഴ്ച കാക്കനാട് സിവിൽസ്റ്റേഷനിലെ എല്ലാ ഓഫീസുകളും ശുചീകരിക്കും. എല്ലാ ഓഫീസുകളും മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ജൈവ അജൈവ മാലിന്യങ്ങളായി തരം തിരിക്കണം. അതിനായി ഓരോ ഓഫീസിലും ബയോബിൻ സ്ഥാപിക്കുന്നതിനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള മാർഗ നിർദ്ദേശം നല്കാൻ ശുചിത്വമിഷൻ നേതൃത്വം വഹിക്കണം. അജൈവ മാലിന്യങ്ങൾ എല്ലാ ആഴ്ചയിലും ഹരിതകർമ്മ സേനയ്ക്ക് കൈമാറണം. പ്രകൃതി സൗഹാർദ്ദ വസ്തുക്കൾ കൂടുതലായും ഉപയോഗിക്കണം.എല്ലാ ഓഫീസുകളിലും പൂർണമായും ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നുവെന്ന് സ്ഥാപനമേധാവി ഉറപ്പുവരുത്തണം. ശുചിത്വ മാലിന്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എല്ലാ ഓഫീസുകളിലും ഓഫീസ് മേധാവി ചെയർമാനായി സമിതി രൂപീകരിച്ച് മാലിന്യ സംസ്കരണവും ശുചിത്വവും വിലയിരുത്തണം.മാലിന്യവിമുക്ത കേരളവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗത്തിൽ എ.ഡി.എം ഇൻചാർജ് എസ്. ബിന്ദു, ഡെപ്യൂട്ടി കളക്ടർ ബി. അനിൽ കുമാർ, ഹുസൂർ ശിരസ്തദാർ കെ. അനിൽകുമാർ മേനോൻ, നവ കേരളം ജില്ലാ കോ ഓഡിനേറ്റർ എസ്. രഞ്ജിനി, തുടങ്ങിയവർ പങ്കെടുത്തു.

## തമ്മനംപുല്ലേപ്പടി റോഡ് വികസനം: ഉന്നതല യോഗം ചേർന്നു

**കൊച്ചി:** തമ്മനം-പുല്ലേപ്പടി റോഡ് വികസനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷിന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നതല യോഗം തീരുമാനിച്ചു. കോർപറേഷൻ, റവന്യു, കേരള റോഡ് ഫ് ബോർഡ്(കെ.ആർ.എഫ്.ബി) ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ റോഡ് വികസനം നടക്കുന്ന സ്ഥലങ്ങളിൽ സംയുക്ത പരിശോധന നടത്തും. സർവേ പൂർത്തിയാക്കി. റോഡ് വികസനത്തിനായി ഏറ്റെടുത്തതും സൗജന്യമായി ലഭിച്ചതും കോർപറേഷന്റെ കൈവശമുള്ളതും ഉൾപ്പെടെയുള്ള ഭൂമി പൊതുമരാമത്ത് വകുപ്പിന് കൈമാറും.

മേയർ അഡ്വ.എം.അനിൽകുമാർ, എംഎൽഎമാരായ ടി.ജെ വിനോദ്, ഉമ തോമസ്, കൊച്ചി കോർപറേഷൻ സെക്രട്ടി ബാബു അബ്ദുൾ ഖാദർ, ഡെപ്യുട്ടി കളക്ടർ എസ്.ബിന്ദു, തഹസിൽദാർ രഞ്ജിത് ജോർജ്, കോർപറേഷൻ, റവന്യൂ, സർവേ, കെ.ആർ.എഫ്.ബി ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## കരാർ നിയമനം

**കൊച്ചി:** സർക്കാർ മെഡിക്കൽ കോളേജിൽ ദേശീയ ആരോഗ്യ പദ്ധതിയുടെ ഭാഗമായി കരാർ വ്യവസ്ഥയിൽ സി ആം ടെക്നീഷ്യൻ തസ്തികയിൽ 2 ഒഴിവ്.യോഗ്യത എസ്.എസ്.എൽ.സി, പ്രീഡിഗ്രി /, പ്ലസ് ടു( സയൻസ് ) തത്തുല്യം.ഡിപ്ലോമ ഇൻ റേഡിയോളജിക്കൽ ടെക്നോളജി, ( കേരളത്തിലെ മെഡിക്കൽ കോളേജിൽ നിന്നുള്ള 2 വർഷ കോഴ്സ് / തത്തുല്യം.)താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ 23 നകം യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം അടുത്തുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരാക്കേതാണെന്ന് ജില്ലാ എംപ്ലോയമെന്റ് ഓഫീസർ അറിയിച്ചു.

## കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിൽ ആശുപത്രി വികസന സമിതിയുടെ കീഴിൽ കാഷ്വാലിറ്റി തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നു. യോഗ്യത എംബിബിഎസും ടിസിഎംസി രജിസ്ട്രേഷൻ. പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന.താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഫോൺ നമ്പർ സഹിതമുള്ള ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത/പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് ഴവലസാവൃ@ഴാമശഹ.രീാ ഇമെയിലിലേക്ക് മെയ് 20 ന് വൈകിട്ട് അഞ്ചിനു മുമ്പായി അയക്കണം. ഇമെയിൽ അയക്കുമ്പോൾ ആപ്ലിക്കേഷൻ ഫോർ ദി പോസ്റ്റ് ഓഫ് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ എന്ന് ഇമെയിൽ സബ്ജക്ടിൽ വ്യക്തമായി രേഖപ്പെടുത്തണം. തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ ഓഫീസിൽ നിന്ന് ഫോൺ മുഖാന്തിരം അറിയിപ്പ് ലഭിക്കുമ്പോൾ ബയോഡാറ്റ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിൻറെ ഒറിജനൽ, തിരിച്ചറിയൽ രേഖകൾ എന്നിവയും അവയുടെ ഫോട്ടോകോപ്പിയും സഹിതം കോവിഡ് പ്രോട്ടോകോളിന് വിധേയമായി അഭിമുഖ പരീക്ഷയ്ക്ക് ഹാജരാകണം.

## ഗൈനക്കോളജിസ്റ്റ് താത്കാലിക നിയമനം

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിൽ ആശുപത്രി വികസന സമിതിയുടെ കീഴിൽ ഗൈനക്കോളജിസ്റ്റ് തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നു. യോഗ്യത ഡിജിഒ (ഡിപ്ലോമ ഇൻ ഗൈനക്കോളജി ആൻറ് ഒബ്സ്റ്റട്രിക്സ്)/മാസ്റ്റർ ഓഫ് സർജറി ഇൻ ഗൈനക്കോളജി ആൻറ് ഒബ്സ്റ്റട്രിക്സ്. പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന.താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഫോൺ നമ്പർ സഹിതമുള്ള ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത/പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് ഴവലസാവൃ@ഴാമശഹ.രീാ ഇമെയിലിലേക്ക് മെയ് 15 ന് വൈകിട്ട് അഞ്ചിനു മുമ്പായി അയക്കണം. ഇമെയിൽ അയക്കുമ്പോൾ ആപ്ലിക്കേഷൻ ഫോർ ദി പോസ്റ്റ് ഓഫ് ഗൈനക്കോളജിസ്റ്റ് എന്ന് ഇമെയിൽ സബ്ജക്ടിൽ വ്യക്തമായി രേഖപ്പെടുത്തണം. തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ ഓഫീസിൽ നിന്ന് ഫോൺ മുഖാന്തിരം അറിയിപ്പ് ലഭിക്കുമ്പോൾ ബയോഡാറ്റ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിൻറെ ഒറിജനൽ, തിരിച്ചറിയൽ രേഖകൾ എന്നിവയും അവയുടെ ഫോട്ടോകോപ്പിയും സഹിതം കോവിഡ് പ്രോട്ടോകോളിന് വിധേയമായി അഭിമുഖ പരീക്ഷയ്ക്ക് ഹാജരാകണം.

### കൊച്ചി മെട്രോ അധികൃതരുമായി നേരിട്ട് ബന്ധപ്പെടാം

# എം.ജി റോഡ് മെട്രോ സ്റ്റേഷനിൽ മെട്രോ പ്രോമോ സെന്റർ

**കൊച്ചി:** കൊച്ചി മെട്രോയുടെ വിവിധ ഓഫറുകൾ, യാത്രാ പാസ്സുകൾ എന്നിവ കൂടുതൽ ജനപ്രിയമാക്കുന്നതിനും മെട്രോ സ്റ്റേഷനുകളിൽ വിവിധ പരിപാടികൾ ആസൂത്രണം ചെയ്യാനുള്ള സാധ്യതകൾ ജനങ്ങളിലേക്കെത്തിക്കുക എന്നതിലുമുൾപ്പെടെ ശ്രദ്ധ കേന്ദ്രീകരിക്കാനാണ് കെഎംആർഎൽ പദ്ധതിയിടുന്നത്. ഇതിന്റെ ഭാഗമായാണ് എംജി റോഡ് മെട്രോ സ്റ്റേഷനിലെ അഞ്ചാം നിലയിൽ മെട്രോ പ്രോമോ സെന്റർ ആരംഭിച്ചത്. കൊച്ചി മെട്രോയുടെ മാർക്കറ്റിംഗ്, പ്രചാരണ പരിപാടികൾ എന്നിവ മെട്രോ പ്രോമോ സെന്ററിന്റെ നിയന്ത്രണത്തിലായിരിക്കും. മൊബൈൽ ക്യൂ ആർ ടിക്കറ്റ്, കൊച്ചി വൺ കാർഡ്, വിവിധ ട്രിപ്പ് പാസ്സുകൾ, ഓഫറുകൾ, വിവിധ സ്കീമുകൾ , ഇളവുകൾ എന്നിവയെക്കുറിച്ച് അറിയാൻ പൊതുജനങ്ങൾക്ക് മെട്രോ പ്രോമോ സെന്ററിൽ ബന്ധപ്പെടാം. മൾട്ടി മോഡൽ ഇന്റഗ്രേഷന് വേണ്ടിയും യാത്രക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിനും കസ്റ്റമർ കെയർ യൂണിറ്റ് നേതൃത്വം നൽകും.കൊച്ചി മെട്രോയെ ജനപ്രിയമാക്കാനുള്ള പദ്ധതികൾ പൊതുജനങ്ങൾക്ക് മെട്രോ പ്രോമോ സെന്റർ അധികൃതരെ അറിയിക്കാം. മികച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കാനും മെട്രോ പ്രോമോ സെന്റർ പരിശ്രമിക്കും. തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ വൈകിട്ട് 5.30 വരെയാണ് മെട്രോ പ്രോമോ സെന്റർ പ്രവർത്തിക്കുക. രണ്ടാം ശനിയാഴ്ച്ചയും നാലാം ശനിയാഴ്ച്ചയും ഞായറാഴ്ച്ചകളിലും അവധിയായിരിക്കും. mteropromocetnre@gmail.com എന്ന മെയിൽ വഴിയും 7736321888 എന്ന നമ്പറിലും അധികൃതരെ ബന്ധപ്പെടാവുന്നതാണ്. യാത്രക്കാരുടെ പരാതികൾ/പ്രശ്നങ്ങൾ എന്നിവ പരിഹാരത്തിനായി നിലവിൽ മുട്ടം യാർഡ് ആസ്ഥാനമായി കസ്റ്റമർ റിലേഷൻസ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. യാത്ര സംബന്ധമായ പരാതികൾ അറിയിക്കുന്നതിന് പൊതുജനങ്ങൾക്ക് 1800 425 0355 എന്ന നമ്പറിൽ വിളിക്കാം.

### യുപിഐ ഇടപാട്:

# റൂപെ ക്രെഡിറ്റ് കാർഡ് പിന്തുണ ലഭ്യമാക്കി ആക്സിസ് ബാങ്ക്

**കൊച്ചി:**യുപിഐ പണമിടപാടുകളിൽ റൂപെ ക്രെഡിറ്റ് കാർഡുകളുടെ പിന്തുണ ലഭ്യമാക്കിയതായി ആക്സിസ് ബാങ്ക് പ്രഖ്യാപിച്ചു. യുപിഐ ക്യൂആർ കോഡുകൾ സ്കാൻ ചെയ്യുമ്പോഴും കച്ചവടക്കാരുടെ പേജുകളിൽ നിന്നു യുപിഐ വഴി ചെക്ക്ഔട്ട് ചെയ്യുമ്പോഴും ബാങ്ക് ഉപഭോക്താക്കൾക്ക് റൂപെ ക്രെഡിറ്റ് കാർഡുകൾ പണമടക്കാനുള്ള മാർഗമായി പ്രയോജനപ്പെടുത്താനും റിവാർഡ് പോയിന്റുകൾ നേടാനും ഇതു സഹായിക്കും. ബാങ്ക് ഉപഭോക്താക്കൾക്ക് യുപിഐ പണമടയ്ക്കലുകൾക്കായി ഇതുവരെ ബാങ്ക് അക്കൗണ്ടുകൾ മാത്രമായിരുന്നു പ്രയോജനപ്പെടുത്താനാവുമായിരുന്നതെന്ന് ഇതേക്കുറിച്ചു പ്രതികരിക്കവെ ആക്സിസ് ബാങ്ക് കാർഡ്സ് ആന്റ് പെയ്മെന്റ്സ് വിഭാഗം മേധാവി സഞ്ജീവ് മോഘെ പറഞ്ഞു.യുപിഐയിൽ റൂപെ ക്രെഡിറ്റ് കാർഡു വഴിയുള്ള ഇടപ്പാടുകൾ വഴി പുതിയ സാധ്യതകളാണ് തുറന്നു കൊടുക്കുന്നതെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ എൻപിസിഐ സിഒഒ പ്രവീണ റായ് പറഞ്ഞു.

# ഇ ബാങ്ക് ഗ്യാരണ്ടി സൗകര്യവുമായി ഫെഡറൽ ബാങ്ക്

**കൊച്ചി:** പൂർണമായും ഡിജിറ്റലായി ബാങ്ക് ഗ്യാരണ്ടി ലഭ്യമാക്കുന്ന ഇലക്ട്രോണിക് ബാങ്ക് ഗ്യാരണ്ടി (ഇബാങ്ക് ഗ്യാരണ്ടി) സൗകര്യം ഫെഡറൽ ബാങ്ക് അവതരിപ്പിച്ചു. നാഷണൽ ഇഗവേർണൻസ് സർവീസസ് ലിമിറ്റഡുമായി (എൻഇഎസ്എൽ) ചേർന്നാണ് ഈ പേപ്പർ രഹിത ബാങ്ക് ഗ്യാരണ്ടി സൗകര്യം ലഭ്യമാക്കുന്നത്. ഇതോടെ പരമ്പരാഗത ബാങ്ക് ഗ്യാരണ്ടി പൂർണമായും ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറും. ബാങ്ക് ഗ്യാരണ്ടി ഇഷ്യൂ ചെയ്യുന്നതും തിരുത്തുന്നതും റദ്ദാക്കുന്നതുമടക്കമുള്ള എല്ലാ ജോലികളും പുതിയ സംവിധാനത്തിൽ ഡിജിറ്റലായി നടക്കും. നിലവിൽ പിന്തുടരുന്ന ഡോക്യുമെന്റേഷനും ബന്ധപ്പെട്ട പേപ്പർ ജോലികളും പുതിയ സൗകര്യത്തിൽ ആവശ്യമില്ല. പ്രിന്റ് എടുക്കേണ്ട ആവശ്യവും വരുന്നില്ല. വ്യാപാര, ബിസിനസ് ഇടപാടുകൾ സുരക്ഷിതവും വേഗത്തിലുമാക്കാൻ ഇബാങ്ക് ഗ്യാരണ്ടി ഏറെ സഹായകമാണ്. ഈ സൗകര്യം വ്യക്തികൾക്കും കമ്പനികൾക്കും ഏകാംഗ സംരംഭങ്ങൾക്കും പങ്കാളിത്ത സ്ഥാപനങ്ങൾക്കും സർക്കാർ ഏജൻസികൾക്കും സംഘങ്ങൾക്കുമെല്ലാം ലഭ്യമാണ്. ഇസ്റ്റാമ്പിങ് സൗകര്യം ലഭ്യമായ സംസ്ഥാനങ്ങളിലാണ് നിലവിൽ ഇബാങ്ക് ഗ്യാരണ്ടി ലഭിക്കുന്നത്.ഇൻസ്റ്റന്റ് മെസേജിങിന്റെ ഈ കാലത്ത് മടുപ്പിക്കുന്ന നടപടിക്രമങ്ങൾ പൂർത്തിയാക്കി ബാങ്ക് ഗ്യാരണ്ടികൾ കുറിയർ വഴിയോ കയ്യിൽ നേരിട്ടോ ലഭിക്കുന്നതുവരെ കാത്തിരിക്കേണ്ടി വരുന്നതിന് ഒരു ന്യായവുമില്ലെന്നും എൻഇഎസ്എൽ എംഡിയും സിഇഒയുമായ ദേബജ്യോതി റായ് ചൗധരി പറഞ്ഞു. എൻഎസ്ഇഎലിന്റെ ഇബിജി പ്ലാറ്റ്ഫോമിലൂടെ ഇബാങ്ക് ഗ്യാരണ്ടി ഇപ്പോൾ ഉടനടി ലഭിക്കും ഒറ്റത്തവണ രജിസ്ട്രേഷനിലൂടെ ഗുണഭോക്താക്കൾക്ക് ഇത് വേഗത്തിൽ ലഭിക്കുന്നതാണ്. തിരുത്തുകളും റദ്ദാക്കലും മറ്റുമെല്ലാം തടസ്സങ്ങളില്ലാതെ ഡിജിറ്റലായി തന്നെ ചെയ്യാം. ഇത് മുഴുവൻ സമയ സേവനമാണ്. ഇബിജി പ്ലാറ്റ്ഫോമിലേക്ക് കടന്നുവന്ന ഫെഡറൽ ബാങ്ക് അഭിനന്ദനങ്ങൾ അർഹിക്കുന്നു. ഇതിന് കൂടുതൽ സ്വീകാര്യത ലഭിക്കുന്നതോടെ ബിസിനസ് ഇടപാടുകൾ വേഗത്തിലാകുകയും രാജ്യത്തെ കൂടുതൽ ബിസിനസ് സൗഹൃദമാക്കി മാറ്റാൻ സഹായകമാകുകയും ചെയ്യുമെന്നും ദേബജ്യോതി റായ് ചൗധരി പറഞ്ഞു.ഡിജിറ്റൽ സേവനങ്ങളിൽ മുന്നിൽ നിൽക്കുക എന്ന ഫെഡറൽ ബാങ്കിന്റെ പാരമ്പര്യത്തിന്റെ തുടർച്ചയായാണ് എൻഎസ്ഇഎലുമായി ചേർന്ന് ഇബാങ്ക് ഗ്യാരണ്ടി സേവനം അവതരിപ്പിച്ചിരിക്കുന്നതെന്നും ഈ സംരംഭത്തിന്റെ ഭാഗമായതിലും ഈ സേവനം നൽകുന്ന ചുരുക്കം ബാങ്കുകളിലൊന്നായതിലും അതിയായ സന്തോഷമുണ്ടെന്നും ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാര്യർ പറഞ്ഞു. ഈ സേവനത്തിലൂടെ സമയം ലാഭിക്കാനും തട്ടിപ്പു സാധ്യതകൾ ഇല്ലാതാക്കാനും സ്റ്റാമ്പ് ഡ്യൂട്ടി അടവ് ശരിയായ രീതിയിൽ ഉറപ്പാക്കാനും സാധിക്കുന്നതാണെന്നും ശാലിനി വാര്യർ പറഞ്ഞു.

### ഭവന വായ്പ:

# ഇന്ത്യ മോർട്ട്ഗേജ് ഗാരണ്ടി കോർപ്പറേഷൻ മഹീന്ദ്ര റൂറൽ ഹൗസിങ് ഫിനാൻസ് ധാരണ

**കൊച്ചി:** ഭവന വായ്പകളുടെ മേഖലയിൽ താങ്ങാനാവുന്ന കൂടുതൽ വായ്പകൾ ലഭ്യമാക്കാനായി മഹീന്ദ്ര റൂറൽ ഹൗസിങ് ഫിനാൻസും ഇന്ത്യ മോർട്ട്ഗേജ് ഗാരണ്ടി കോർപ്പറേഷനും സഹകരിക്കും. നിയന്ത്രണ സംവിധാനങ്ങളുടെ മാനദണ്ഡങ്ങൾക്കു കീഴിൽ ഉപഭോക്താവിന്റെ ഭവന വായ്പാ അർഹത വർധിപ്പിക്കുന്നതാണ് ഈ തന്ത്രപരമായ സഹകരണം. ഈ പങ്കാളിത്തം അനുസരിച്ച് ശമ്പളക്കാരയതും അല്ലാത്തതുമായ മഹീന്ദ്ര റൂറൽ ഹൗസിങ് ഫിനാൻസ് ഉപഭോക്താക്കൾക്ക് ഇന്ത്യ മോർട്ട്ഗേജ് ഗാരണ്ടീഡ് കോർപ്പറേഷൻ താങ്ങാനാവുന്ന വിഭാഗത്തിലെ ഭവന വായ്പകൾ നൽകും. ഇന്ത്യാ മോർട്ട്ഗേജ് ഗാരണ്ടി കോർപ്പറേഷൻറെ 650ൽ പരം ശാഖകളുടെ ശൃംഖലയിലേക്ക് മഹീന്ദ്ര റൂറൽ ഫിനാൻസിന്റെ വായ്പാ വിതരണം വ്യാപിപ്പിക്കാൻ ഇതു സഹായിക്കുമെന്നും കുറഞ്ഞ തലത്തിൽ മാത്രം സേവനം ലഭിക്കുന്ന ഉപഭോക്തൃ മേഖലകളിലേക്കു വായ്പാ സേവനം എത്തിക്കാൻ ഇതു സഹായിക്കുമെന്നും മഹീന്ദ്ര റൂറൽ ഹൗസിങ് ഫിനാൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ ശാന്തനു റെഗെ ചൂണ്ടിക്കാട്ടി. വൈവിധ്യമാർന്ന വിഭാഗം ഉപഭോക്താക്കൾക്ക് വീടു വാങ്ങുക എന്നത് ബുദ്ധിമുട്ടില്ലാത്ത ഒന്നാക്കി മാറ്റുവാൻ ഈ വായ്പാസൗകര്യം സഹായിക്കുമെന്ന് ഇന്ത്യ മോർട്ട്ഗേജ് ഗാരണ്ടി കോർപ്പറേഷൻ സിഇഒ മഹേഷ് മിശ്ര പറഞ്ഞു.

## പ്രൊജക്റ്റ് എഞ്ചിനീയറുടെ താത്കാലിക ഒഴിവ്

**കൊച്ചി:** ഒരു സംസ്ഥാന അർദ്ധ സർക്കാർ സ്ഥാപനത്തിൽ പ്രൊജക്റ്റ് എഞ്ചിനീയറുടെ താത്കാലിക ഒഴിവ് നിലവിലുണ്ട്.ശമ്പളം 40000 രൂപ. യോഗ്യത:സിവിൽ എഞ്ചിനീയറിംഗിൽ 70 ശതമാനം മാർക്കോടുകൂടി എഞ്ചിനീയറിംഗ് ബിരുദം, പാലം നിർമാണത്തിൽ മൂന്ന് വർഷത്തെ തൊഴിൽ പരിചയം. പ്രായപരിധി: 1830 (ഇളവുകൾ അനുവദനീയം) .നിശ്ചിത യോഗ്യതയുള്ള തല്പരരായ ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം മെയ് 16 നു മുമ്പ് ബന്ധപ്പെട്ട പ്രൊഫഷണൽ ആൻറ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യണം. നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർ ബന്ധപ്പെട്ട നിയമാനാധികാരിയിൽ നിന്നുമുള്ള എൻ ഒ സി ഹാജരാക്കേണ്ടതാണ്.

## റേഡിയോഗ്രാഫർ ട്രെയിനി താത്കാലിക നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ ഒരു വർഷ കാലാവധിയിൽ താത്കാലികമായി എച്ച്ഡിഎസിനു കീഴിൽ റേഡിയോഗ്രാഫർ ട്രെയിനിമാരെ നിയമിക്കുന്നു. യോഗ്യത ഗവ അംഗീകൃത ഡിഎംആർടി കോഴ്സ് പാസ്. 10000 രൂപ സ്റ്റൈപ്പൻറ്. താത്പര്യമുള്ളവർ യോഗ്യത, വയസ് എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റും, പകർപ്പും സഹിതം എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ റേഡിയോ ഡയഗ്നോസിസ് എം.ആർ.ഐ വിഭാഗത്തിൽ മെയ് 17 ന് രാവിലെ 10.30 ന് എത്തിച്ചേരണം. ഫോൺ 04842754000.

### കെടിഎം രണ്ടാം പതിപ്പിന് തുടക്കമായി

# ടൂറിസം കേന്ദ്രങ്ങളിൽ സർക്കാർ നിക്ഷേപം ഉറപ്പു വരുത്തും: മന്ത്രി പി എ മുഹമ്മദ് റിയാസ്

- ടൂറിസം രംഗത്തെ അഭിവൃദ്ധിപ്രദേശവാസികൾക്കു കൂടി ലഭിക്കുമെന്ന് സർക്കാർ ഉറപ്പു വരുത്തും
- മികച്ച ടൂറിസം അനുഭവം ലഭിക്കുന്നതിന് നൂതന സാങ്കേതികവിദ്യ ഉപയോഗിക്കണം
- പുതിയ ടൂറിസം ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിന് സർക്കാർ സഹായം നൽകും

**കൊച്ചി:** കേരള ട്രാവൽ മാർട്ട് സൊസൈറ്റി നടത്തുന്ന രണ്ടാമത് വെർച്വൽ കെടിഎമ്മിന് തുടക്കമായി. ടൂറിസം കേന്ദ്രങ്ങളുടെ നവീകരണം, ശേഷി വർധിപ്പിക്കൽ, വിപണനം എന്നിവയിൽ സംസ്ഥാനസർക്കാർ നിക്ഷേപം നടത്തുമെന്ന് ഉറപ്പു വരുത്തുമെന്ന് വെർച്വൽ കെടിഎം ഉദ്ഘാടനം ചെയ്ത് ടൂറിസംപൊതുമരാമത്ത് മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു.കേരളം സന്ദർശിക്കുന്നവർക്ക് മികച്ച ടൂറിസം അനുഭവം ലഭിക്കുന്നതിന് നൂതന സാങ്കേതികവിദ്യ ഉപയോഗിക്കണമെന്ന് മന്ത്രി പറഞ്ഞു. കേരള ടൂറിസം അന്തർദേശീയ വേദികളിൽ മികച്ച രീതിയിൽ വിപണനം നടത്തുന്നതിന് സർക്കാർ എല്ലാ സഹായവും ചെയ്യും. ടൂറിസം രംഗത്തെ അഭിവൃദ്ധി കേവലം വ്യവസായങ്ങൾക്ക് മാത്രമല്ല, പ്രദേശവാസികൾക്കു കൂടി ലഭിക്കുമെന്ന് സർക്കാർ ഉറപ്പു വരുത്തും. ഉത്തരവാദിത്ത ടൂറിസം കൂടുതൽ ശീലമാക്കണമെന്നും അദ്ദേഹം പറഞ്ഞു.ഹോംസ്റ്റേ മുതൽ പഞ്ചനക്ഷത്ര ഹോട്ടലുകൾ വരെയുള്ള ടൂറിസം വ്യവസായത്തിലെ പങ്കാളികൾക്ക് തുല്യമായ അവസരം ഉറപ്പാക്കുകയാണ് വെർച്വൽ കെടിഎം ചെയ്യുന്നതെന്ന് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ ധനമന്ത്രി കെ എൻ ബാലഗോപാൽ ചൂണ്ടിക്കാട്ടി. പുതിയ ടൂറിസം ഉത്പന്നങ്ങൾ വികസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ എല്ലാ വിധ സഹായങ്ങളും നൽകും. ഈ മേഖലയിലേക്ക് കൂടുതൽ സ്വകാര്യ നിക്ഷേപം ആകർഷിക്കാനുള്ള ശ്രമങ്ങളെയും സർക്കാർ പിന്തുണയ്ക്കും. പുതിയ ആശയങ്ങളും വാണിജ്യകരാറുകളും വെർച്വൽ കെടിഎമ്മിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതായും മന്ത്രി പറഞ്ഞു.സംസ്ഥാനത്ത് ഈ വർഷം പ്രഖ്യാപിച്ച പുതിയ വ്യവസായനയത്തിലെ മുൻഗണനാ മേഖലകളിൽ ടൂറിസംആതിഥേയ വ്യവസായത്തെ ഉൾപ്പെടുത്തിയത് മുതൽക്കൂട്ടാകുമെന്ന് വ്യവസായകയർ മന്ത്രി പി രാജീവ് പറഞ്ഞു. പുത്തൻ വ്യവസായ നയത്തിൽ 22 മുൻഗണനാ മേഖലകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഈ മേഖലകളിൽ സുഗമമായി സ്വകാര്യനിക്ഷേപം, ലളിതമായ ലൈസൻസ് വ്യവസ്ഥകൾ, പുത്തൻ സാങ്കേതികവിദ്യയുടെ ഉപയോഗം, സുസ്ഥിരത തുടങ്ങിയവയ്ക്ക് വലിയ ഊന്നൽ നൽകുമെന്നും അദ്ദേഹം അറിയിച്ചു.രാജ്യത്തെ ഏറ്റവും സ്വീകാര്യമായ നിക്ഷേപസൗഹൃദ സംസ്ഥാനമായി കേരളം മാറാൻ പോവുകയാണ്. മികച്ച സാക്ഷരത, ആരോഗ്യസംവിധാനം, യൂറോപ്പിന് സമാനമായ ഉയർന്ന ജീവിതനിലവാരം, വനിതാപങ്കാളിത്തം എന്നിവ കേരളത്തിന് ഗുണകരമാകും. ഏതൊരു വ്യവസായത്തിനും ആവശ്യമായ മികച്ച മനുഷ്യവിഭവ ശേഷി കേരളത്തിലുണ്ട്. സംരംഭങ്ങളിൽ നൂതനത്വം കൊണ്ടു വരാനുള്ള ശ്രമങ്ങൾ ഫലം കണ്ടുവെന്നും മന്ത്രി പറഞ്ഞു.2022 ൽ നടന്ന കേരള ട്രാവൽ മാർട്ട് 11ാമത് ലക്കം സംസ്ഥാനത്തെ ടൂറിസം മേഖലയുടെ തിരിച്ചു വരവിന് കാരണമായെന്ന് ടൂറിസം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ എസ് ശ്രീനിവാസ് പറഞ്ഞു. രാജ്യത്തെ പൊതുസ്വകാര്യ പങ്കാളിത്തത്തിൻറെ ഉത്തമമാതൃകയാണ് കെടിഎമ്മെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കൊവിഡാനന്തര ലോകത്തിൻറെ പശ്ചാത്തലത്തിൽ വെർച്വൽ കെടിഎമ്മെന്നത് വിപ്ലവകരമായ ആശയമാണെന്ന് കേരള ടൂറിസം ഡയറക്ടർ പി ബി നൂഹ് പറഞ്ഞു. കൊവിഡ് പ്രതിസന്ധികൾക്കിടയിലും ആദ്യ വെർച്വൽ കെടിഎം വൻ വിജയകമായിരുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ടൂറിസം മേഖലയുടെ സമഗ്രമായ വികസനത്തിനും പങ്കാളികളുടെ വാണിജ്യ നേട്ടങ്ങൾക്കും വെർച്വൽ കെടിഎം മുതൽക്കൂട്ടാകുമെന്നും അദ്ദേഹം പറഞ്ഞു.കേരളത്തിൻറെ ടൂറിസം സാധ്യതകൾ വർഷം തോറും ലോക ടൂറിസം വ്യവസായത്തിന് മുന്നിൽ അവതരിപ്പിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് വെർച്വൽ കെടിഎം സംഘടിപ്പിക്കുന്നതെന്ന് ചടങ്ങിൽ സ്വാഗതമാശംസിച്ച കെടിഎം പ്രസിഡൻറ് ബേബി മാത്യു സോമതീരം പറഞ്ഞു. കേരള ട്രാവൽ മാർട്ട് രണ്ട് വർഷത്തിലൊരിക്കലാണ് നടക്കുന്നത്. കൊവിഡ് പശ്ചാത്തലത്തിലായിരുന്നു വെർച്വൽ കെടിഎം എന്ന ആശയം ഉയർന്നു വന്നത്. ഒന്നിടവിട്ട വർഷങ്ങളിൽ വെർച്വൽ കെടിഎം കൂടി നടത്തുന്നതോടെ സംസ്ഥാനത്തെ ടൂറിസം വ്യവസായത്തിന് തങ്ങളുടെ ഉത്പന്നങ്ങൾ രാജ്യത്തിനകത്തും പുറത്തുമുള്ള ടൂറിസം ആവാസവ്യവസ്ഥയിൽ സജീവമാക്കി നിറുത്താൻ സാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.120 വിദേശ ബയർമാരും 395 ആഭ്യന്തര ബയർമാരുമാണ് വെർച്വൽ കെടിഎമ്മിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇവർ സംസ്ഥാനത്തു നിന്നുള്ള എതാണ്ട് 245 ടൂറിസം സംരംഭകരുമായി വെർച്വൽ കൂടിക്കാഴ്ചകൾ നടത്തുമെന്നും അദ്ദേഹം പറഞ്ഞു. വെർച്വൽ കെടിഎമ്മിലൂടെ സംസ്ഥാനത്തെ ചെറുകിടമധ്യവർഗ ടൂറിസം വ്യവസായികൾക്കും തുല്യമായ പരിഗണനയാണ് ഉറപ്പുവരുത്തുന്നത്. അത്യാധുനിക സോഫ്റ്റ് വെയർ സംവിധാനമുപയോഗിച്ചാണ് ഈ സങ്കീർണമായ പ്രക്രിയ നടപ്പാക്കുന്നതെന്നും ബേബി മാത്യു സോമതീരം പറഞ്ഞു.കെടിഎം സൊസൈറ്റി സെക്രട്ടറി ജോസ് പ്രദീപ് നന്ദി അറിയിച്ചു. മുൻ പ്രസിഡൻറുമാരായ ജോസ് ഡോമിനിക്, ഇ എം നജീബ്, റിയാസ് അഹമ്മദ്, ഏബ്രഹാം ജോർജ്ജ് തുടങ്ങിയവർ പങ്കെടുത്തു.

# അൺഫോറിൻ എക്സ്ചേഞ്ച് ഡിജിറ്റൽ കമ്യൂണിറ്റിയുമായി എച്ച്എസ്ബിസി

**കൊച്ചി:** ഒരു രാജ്യത്തുനിന്ന് മറ്റൊരു രാജ്യത്തേക്ക് പുനരധിവസിക്കുന്നവർക്ക്  സഹായം നൽകുന്ന അൺഫോറിൻ എക്സ്ചേഞ്ച് എന്ന ഡിജിറ്റൽ കമ്യൂണിറ്റിയുമായി എച്ച്എസ്ബിസി. വിദേശത്തേക്കു പോകുന്ന ആളുകൾക്ക് വളരെ എളുപ്പത്തിൽ അവിടുത്തെ സാഹചര്യങ്ങളുമായി വേഗത്തിൽ ഇഴുകിച്ചേരുന്നിന് സഹായമാകുന്ന രീതിയിലാണ് എച്ച്എസ്ബിസിയുടെ ഡിജിറ്റൽ കമ്യൂണിറ്റി. സെലിബ്രിറ്റികൾ, ഇൻഫ്ളുവൻസർമാർ, മറ്റൊരു രാജ്യത്തേക്ക് താമസം മാറിയ എച്ച്എസ്ബിസി ജീവനക്കാർ എന്നിവരിൽ നിന്നുള്ള നിർദേശങ്ങളും സൗജന്യ ടിപുകളും മറ്റു വിവരങ്ങളും അൺഫോറിൻ എക്സ്ചേഞ്ച് വഴി ലഭിക്കുമെന്ന് എച്ച് എസ്ബിസി ഇന്ത്യ വെൽത്ത് ആന്റ് പേഴ്സണൽ ബാങ്കിങ് വിഭാഗം മേധാവി സന്ദീപ് ബത്ര പറഞ്ഞു. ഹാഷ്ടാഗ് അൺഫോറിൻ എക്സചേഞ്ച് എന്ന കമ്യൂണിറ്റി ഇൻസ്റ്റഗ്രാമിൽ ലഭ്യമാണ്. എച്ച്എസ്ബിസി അംബാസിഡർമാരായ പ്രമുഖ ടെന്നീസ് താരം എമ്മ റാഡുകാനു എംബിഇ, റെഗ്ബി താരം ബ്രിയാൻ ഓഡ്രിസ്കോൾ എന്നിവർ നൽകുന്ന സൗജന്യ നിർദേശങ്ങൾ എച്ച്എസ്ബിസിയുടെ യുട്യൂബ് ചാനൽ വഴി ലഭിക്കും. പുതിയ രാജ്യത്തേക്കു പോകുമ്പോൾ വ്യക്തികൾ നേരിടുന്ന വെല്ലുവിളികൾ മനസിലാക്കി സമാനമായ സമൂഹത്തിന്റെ അനുഭവങ്ങൾ  പങ്കുവെക്കാനുള്ള അവസരമാണ് ഇതിലൂടെ ലഭ്യമാക്കുന്നതെന്നും സന്ദീപ് ബത്ര പറഞ്ഞു.  അതേസമയം വിദേശികൾ ഇന്ത്യയിൽ താമസമുറപ്പിക്കുന്നത്  ലളിതവും സൗകര്യപ്രദവുമെന്ന് എച്ച്എസ്ബിസി നടത്തിയ സർവേ ചൂണ്ടിക്കാട്ടുന്നു. എന്നാൽ ഇന്ത്യയിൽ നിന്നും വിദേശരാജ്യത്തേക്ക് പോകുന്നവർക്ക് ആ രാജ്യത്തെ സാഹചര്യങ്ങളുമായി ഇഴുകിച്ചേരുന്നതിൽ ബുദ്ധിമുട്ടനുഭവിക്കുന്നതായി സർവേ വ്യക്തമാക്കുന്നു. ആഗോള തലത്തിൽ ഒൻപതോളം കേന്ദ്രങ്ങളിലായി നിലവിൽ വിദേശത്തു താമസിക്കുകയും ജോലി ചെയ്യുകയും പഠിക്കുകയും ചെയ്യുന്നവർക്കിടയിൽ നടത്തിയ സർവേയാണ് ഇക്കാര്യം ചൂണ്ടിക്കാട്ടുന്നത്. സർവേയിൽ പങ്കെടുത്ത വിദേശത്തു കഴിയുന്ന ഇന്ത്യക്കാരിൽ 33 ശതമാനം പേരും അവിടത്തെ പ്രാദേശികവാസികളാണെന്ന പ്രതീതി ലഭിക്കാത്തവരാണെന്നാണ് അഭിപ്രായപ്പെട്ടത്. ഏഴായിരത്തിലേറെ പേർക്കിടയിലാണ് സർവേ നടത്തിയത്. വിദേശത്തേക്കു നീങ്ങുമ്പോൾ ജനങ്ങൾ നേരിടുന്ന മാനസികമായ വെല്ലുവിളികളാണ് എച്ച്എസ്ബിസിയുടെ ഗവേഷണത്തിൽ ഉയർത്തിക്കാട്ടുന്നതെന്ന് എച്ച്എസ്ബിസിയുടെ ക്യാമ്പെയിനെ പിന്തുണച്ച് സ്റ്റാൻഫോർഡ് സർവകലാശാല പ്രൊഫസർ ജെഫ്രി എൽ കോഹെൻ പറഞ്ഞു.

# ലാപ്ടോപ് വിതരണം ചെയ്തു



**കൊച്ചി:** എടവനക്കാട് ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പും, പഠനോപകരണവും വിതരണം ചെയ്തു. എടവനക്കാട് പഞ്ചായത്ത് പ്രസിഡൻറ് അസീന അബ്ദുൽസലാം വിതരണോദ്ഘാടനം നിർവഹിച്ചു. പ്ലസ് ടു,ബിരുദം, ബിരുദാനന്തര ബിരുദം തുടങ്ങിയ കോഴ്സുകളിൽ പഠിക്കുന്ന 15 വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ് നൽകിയത്.42 വിദ്യാർത്ഥികൾക്ക് പഠനോപകരണവും വിതരണം ചെയ്തു.പഞ്ചായത്ത് കോൺഫറൻസ്  ഹാളിൽ നടന്ന ചടങ്ങിൽ  വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ആനന്ദവല്ലി ചെല്ലപ്പൻ ,  ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി.ബി സാബു, പഞ്ചായത്ത് മെമ്പർമാരായ ഇ . ആർ ബിനോയ്,നഷീദ ഫൈസൽ, കെ. എ അജാസ് അഷറഫ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു

# അവകാശ ഓഹരി പദ്ധതി ; ഒറ്റമാസത്തിൽ സിയാലിന് ലഭിച്ചത് 478 കോടി രൂപ



**കൊച്ചി:**അടിസ്ഥാന സൗകര്യവികസനത്തിനായുള്ള വിഭവ സമാഹരണത്തിന് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ) നടപ്പിലാക്കിയ അവകാശ ഓഹരി പദ്ധതി വൻ വിജയമായി. ഒരുമാസത്തെ പദ്ധതി കാലാവധി അവസാനിച്ചപ്പോൾ നിലവിലെ നിക്ഷേപകർക്ക് നിയമാനുസൃത അവകാശ ഓഹരി നൽകിയതിലൂടെ സിയാലിന് ലഭിച്ചത് 478.21 കോടി രൂപ! സംസ്ഥാന ചരിത്രത്തിലെ ഏറ്റവും വലിയ അവകാശ ഓഹരി ധനസമാഹരണ പദ്ധതികളിലൊന്നാണിത്.ഇരുപത്തിയഞ്ച് രാജ്യങ്ങളിൽ നിന്നായി 22,000ൽ അധികം പേരാണ് സിയാലിന്റെ നിക്ഷേപകരായുള്ളത്. മൊത്തം ഓഹരികൾ 38 കോടി. ഒരു ഓഹരിയുടെ അടിസ്ഥാന മൂല്യം 10 രൂപ. പൊതുവിപണിയിൽ ലിസ്റ്റ് ചെയ്തിട്ടില്ലാത്ത സിയാലിന് അധികവിഭവ സമാഹരണത്തിനായി കമ്പനി നിയമം 62(1) സെക്ഷൻ പ്രകാരം അവകാശ ഓഹരി നൽകാം. നിലവിലുള്ള അർഹരായ ഓഹരിയുടമകളിൽ നിന്നാണ് അവകാശ ഓഹരി വഴി ധനമസാഹണം നടത്തുന്നത്. നാല് ഓഹരിയുള്ളവർക്ക് ഒരു അധിക ഓഹരി എന്ന അനുപാതത്തിലാണ് ഇത്തവണ അവകാശ ഓഹരി പദ്ധതി നടപ്പിലാക്കിയത്. 50 രൂപയാണ് അവകാശ ഒഹരിയുടെ വില നിശ്ചയിച്ചിരുന്നത്. മുഖ്യമന്ത്രി ചെയർമാനായ സിയാലിന്റെ മാനേജ്മെന്റ് നിലവിൽ നടപ്പിലാക്കിവരുന്നതും ഭാവിയിൽ നടപ്പിലാക്കാൻ ഉദ്ദ്യേശിക്കുന്നതുമായ വികസന പദ്ധതികളിൽ നിക്ഷേപകർ വൻ താൽപ്പര്യം പ്രകടിപ്പിച്ചതോടെ ഭൂരിഭാഗം ഓഹരിയുടമകളും അവകാശ ഓഹരിയ്ക്കായി അപേക്ഷ സമർപ്പിക്കുകയും പണം നൽകുകയും ചെയ്തു. സംസ്ഥാന സർക്കാരാണ് സിയാലിന്റെ ഏറ്റവും വലിയ നിക്ഷേപകർ. 32.42 ശതമാനം ഓഹരിയാണ് സിയാലിൽ സംസ്ഥാന സർക്കാരിനുള്ളത്. പുതിയ അവകാശ ഓഹരി പദ്ധതിയിൽ സർക്കാർ 178.09 കോടി രൂപ മുടക്കുകയും 3.56 കോടി ഓഹരികൾ അധികമായി നേടുകയും ചെയ്തു. ഇതോടെ സർക്കാരിന്റെ മൊത്തം ഓഹരി 33.38 ശതമാനമായി ഉയർന്നു. അവകാശ ഓഹര പദ്ധതിയുടെ കാലാവധി അവസാനിച്ചപ്പോൾനിക്ഷേപകരിൽ നിന്ന് മൊത്തം 564 കോടി രൂപ സിയാലിന് ലഭിച്ചു. ഇതിൽ നിയമാനുസൃതമായി സമാഹരിക്കാൻ സാധിക്കുന്നത് 478.21 കോടി രൂപയായിരുന്നു. ബാക്കിയുള്ള 86 കോടി രൂപ ഓഹരിയുടമകൾക്ക് തിരികെ നൽകി. ഡി മാറ്റ് അക്കൗണ്ട് ഉള്ളവർക്ക് മാത്രമേ അവകാശ ഓഹരികൾക്ക് അർഹതയുള്ളൂ എന്നതിനാൽ 10.79 ശതമാനം ഓഹരികൾ ' അൺ സബ്സ്ക്രൈബ്ഡ് ' വിഭാഗത്തിലായി. നേരത്തേ തന്നെ പ്രഖ്യാപിച്ച വ്യവസ്ഥയനുസരിച്ച് ഇത്തരം ഓഹരികൾ, നിലവിലുള്ള അർഹരായ ഓഹരിയുടമകൾക്ക് (അവരുടെ കൈവശമുള്ള ഓഹരിയുടെ അനുപാതം അനുസരിച്ച്) വീണ്ടും വീതിച്ചു നൽകി. ഇതിനായി സംസ്ഥാന സർക്കാർ 23 കോടി രൂപ അധികമായി നൽകി (ഈ തുകയും ചേർത്താണ് നേരത്തേ സൂചിപ്പിച്ച 178.09 കോടി രൂപ). കമ്പനി നിയമപ്രകാരം എല്ലാ ഓഹരികളും ഡിമെറ്റീരിയലൈസ് ചെയ്യണമെന്നുള്ള അറിയിപ്പ് 2019 മുതൽ തന്നെ നിക്ഷേപകരെ സിയാൽ അറിയിച്ചുവന്നിരുന്നു. മുഴുവൻ നിക്ഷേപകരേയും നിരവധി തവണ ഇക്കാര്യം രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ട്.അവകാശ ഓഹരിയ്ക്ക് ലഭ്യമാക്കിയതോടെ സംസ്ഥാന സർക്കാർ ഉൾപ്പെടെയുള്ള സിയാലിന്റെ എല്ലാ നിക്ഷേപകരുടേയും ഓഹരികളുടെ എണ്ണവും ശതമാനവും ആനുപാതികമായി വർധിച്ചിട്ടുണ്ട്. കഴിഞ്ഞ ഒന്നരവർഷത്തിനുള്ളിൽ സിയാൽ മൂന്ന് വൻകിട പദ്ധതികൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. പയ്യന്നൂർ, അരിപ്പാറ വൈദ്യുത പദ്ധതികളും ബിസിനസ് ജെറ്റ് ടെർമിനലുമാണ് ഇവ. ഉടൻ തന്നെ നടപ്പിലാക്കുന്ന മറ്റ് പദ്ധതികൾക്കായി അവകാശ ഓഹരി ഫണ്ട് വിനിയോഗിക്കുമെന്ന് സിയാൽ മാനേജിങ് ഡയറക്ടർ എസ്. സുഹാസ് പറഞ്ഞു. തുടർവർഷങ്ങളിൽ അഞ്ച് ബൃഹദ് പദ്ധതികളാണ് സിയാലിന് മുന്നിലുള്ളത്. രാജ്യാന്ത ടെർമിനൽ ടി3 യുടെ വികസനമാണ് അതിൽ പ്രധാനംഎക്സപോർട്ട് കാർഗോ ടെർമിനൽ, ട്രാൻസിറ്റ് ടെർമിനൽ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കേണ്ടതുണ്ട്. കമ്പനി ചെയർമാൻ കൂടിയായ മുഖ്യമന്ത്രിയും ഡയറക്ടർ ബോർഡും ഈ പദ്ധതികൾക്കായുള്ള വ്യക്തമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടെന്നും സുഹാസ് പറഞ്ഞു. അവകാശ ഓഹരികളെല്ലാം മുഴുവൻ ഓഹരിയുടമകളുടേയും ഡി മാറ്റ് അക്കൗണ്ടിലേയ്ക്ക് മെയ് അഞ്ചോടെ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്ന് സുഹാസ് അറിയിച്ചു.

# കോഴ്സുകളിലേക്ക് അപേക്ഷിക്കാം

KELTRON
Kerala State Electronics Development Corporation Ltd.
(A Govt. of Kerala Undertaking)

**ആലപ്പുഴ:** കെൽട്രോണിന്റെ വഴുതക്കാടുള്ള നോളജ് സെന്ററിൽ നടത്തുന്ന വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഗ്രാഫിക്സ്, വെബ് ആന്റ് ഡിജിറ്റൽ ഫിലിം മേക്കിങ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ അഡ്വാൻസ്ഡ് ഗ്രാഫിക് ഡിസൈനിംഗ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഗ്രാഫിക്സ് ആന്റ് വിഷ്വൽ എഫക്ടസ്, കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിങ് വിത്ത് ഇന്ത്യൻ ആന്റ് ഫോറിൻ അക്കൗണ്ടിഗ്, പ്രൊഫഷണൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയ്ൻ മാനേജ്മെന്റ്, പ്രൊഫഷണൽ ഡിപ്ലോമ ഇൻ കംപ്യൂട്ടർ ഹാർഡ്വെയർ ആന്റ് നെറ്റ്വർക്ക് മെയ്ന്റനൻസ്, പ്രൊഫഷണൽ ഡിപ്ലോമ ഇൻ വെബ് ഡിസൈൻ ആന്റ് ഡെവലപ്പ്മെന്റ്, ഡിപ്ലോമ ഇൻ കംപ്യൂട്ടർ അപ്ലിക്കേഷൻ, പി.ജി.ഡി.സി.എ. എന്നീ കോഴ്സുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്.വിശദവിവരങ്ങൾക്ക് ഫോൺ: 8590605260, 04712325154, ഈ മെയിൽ: iteg@ketlron.org വിലാസം: കെൽട്രോൺ നോളജ് സെന്റർ, രണ്ടാം നില, ചെമ്പിക്കുളം ബിൽഡിംഗ്, ബേക്കറി വിമൻസ് കോളേജ് റോഡ് വഴുതയ്ക്കാട് പി.ഒ. തിരുവനന്തപുരം.

# കോഡത്തോൺ ഇവന്റ് സംഘടിപ്പിച്ചു



**കൊച്ചി:** സീ എൻറർടൈൻമെന്റ് എന്റർപ്രൈസസ് സംഘടിപ്പിച്ച 60 മണിക്കൂർ നീണ്ട കോഡത്തോണിന് മികച്ച പ്രതികരണം . മൂന്നു മുതൽ അഞ്ചു വരെ സംഘടിപ്പിച്ച കോഡത്തോൺ പരിപാടിയായ ജസ്റ്റ്കോഡിൽ 30ൽ ഏറെ വിഭാഗങ്ങളിലായി നാന്നൂറിൽ ഏറെ പേരാണ് പങ്കെടുത്തത്. സീയുടെ ടെക്നോളജി ആൻറ് ഇന്നൊവേഷൻ സെൻറർ സംഘടിപ്പിച്ച ഈ പരിപാടി പ്രോഗ്രാമിങ് കഴിവുകൾ, പുതിയ ആശയങ്ങൾക്കായുള്ള ചർച്ചകൾ, പുതിയ വെല്ലുവിളികൾ സ്വീകരിക്കൽ തുടങ്ങിയവയ്ക്കുള്ള മികച്ച അവസരമായി മാറി. സമാന മനസ്കരായ വ്യക്തികളുമായി ചേർന്ന് കോഡിങ് രംഗത്തെ തങ്ങളുടെ കഴിവുകൾ തുറന്നു കാട്ടാനുള്ള അവസരമാണ് കോഡത്തോൺ ഒരുക്കിയത്.അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്ത് സാങ്കേതികവിദ്യാ മുന്നേറ്റങ്ങളുടെ കാര്യത്തിൽ നേതൃസ്ഥാനത്തു നിൽക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയാണ് ഈ പരിപാടിയിലൂടെ കാണാനായതെന്ന് സീ5 ചീഫ് ടെക്നോളജി ഓഫിസർ എ കെ കിഷോർ പറഞ്ഞു. ആഗോളതലത്തിൽ 1.3 ബില്യൺ പ്രേക്ഷകരുമായി മൂന്നു ദശാബ്ദങ്ങളിലേറെയായി മുന്നോട്ടു പോകുന്ന തങ്ങൾ നിർമിതബുദ്ധി, മിഷ്യൻ ലാംഗ്വേജ് എന്നീ രംഗങ്ങളിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങളാണ് പ്രയോജനപ്പെടുത്തുന്നതെന്നും അദ്ദേഹം പറഞ്ഞു.എൻറർടൈൻമെൻറ് വ്യവസായത്തിൽ വിപ്ലവങ്ങൾ സൃഷ്ടിക്കാൻ ഉതകുന്ന നിരവധി നവീന നീക്കങ്ങളാണ് കോഡത്തോണിൽ ഉയർന്നു വന്നത്. പരിപാടിയുടെ വിജയത്തിനായി ആമസോൺ, കോൺവിവ എന്നിവരുമായും കമ്പനി സഹകരിച്ചിരുന്നു. ടെക്നോളജി ആൻറ് ഇന്നൊവേഷൻ സെൻററിൻറെ അത്യാധുനീക സൗകര്യങ്ങളും കോഡത്തോണിൽ പങ്കെടുത്തവർ ഉപയോഗിച്ചിരുന്നു.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663